# പഞ്ചാംഗം.

എപ്പകത്തി ൧൯. . ൮൨ ഞായറാഴ്ച അക്ഷരം. ൦

## ൧൯൨൯ ആഗസ്റ്റ്.— ൧൧൦൪ കക്കടകം-ചിങ്ങം.

| | | | | |
|---|---|---|---|---|
| 1 | 17 | വ്യാ | പത്രോസ്സ്ലീഹ തുടൽ ന. ആ. കു. വെ. | വെ. |
| 2 | 18 | വെ | വേ. പാ. എസ്തപ്പാനോസ് ന. ആ. കു. വെ. | ച്യു. |
| 3 | 19 | ശ | വേ. എസ്തപ്പാനോ. ശരീരം കണ്ടെത്തി ന. ആ. കു. വെ. | ച്യു. |
| 4 | 20 | ഞാ | ✠ പന്ത. ൧൧-ാം ഞാ. ന. കു. ആ. | ·൧൦.൩൯.൫ വ. |
| ◐ 5 | 21 | തി | മഞ്ഞുമാതാ. പള്ളിക്കൂദാശ ന. ആ. കു. വെ. | വെ. |
| 6 | 22 | ചൊ | (†) ന. കർത്താവിൻെറ ഗലിയാന ന. ആ.കു. വെ. | വെ. |
| | | | എ. ഭാ. ക. മറിയത്തിൻെറ കരേററത്തിനാസ്സപ്പാടായിട്ടുള്ള നവനാൾ തുടങ്ങുന്നു. | |
| 7 | 23 | ബു | വേ. അ. ദൊനാത്തോസ് ന. ആ. കു. വെ. | ച്യു. |
| 8 | 24 | വ്യാ | വേ. കുറിയാക്കോസും കൂട്ടരും ന. ആ. കു. വെ. | ച്യു. |
| 9 | 25 | വെ | വേ. ലൗറന്തിയോസു തലെനാൾ ന. ആ. കു. തലെ. | റോ. |
| 10 | 26 | ശ | വേ. ലൗറന്തിയോസ് ന. ആ. കു. വെ. | ച്യു. |
| 11 | 27 | ഞാ | ✠ പന്ത. ൧൨. ഞാ. ന. കു. ആ. | ·൫൭.൦.൭ വ. |
| | | | ☞ അടുത്ത ബുധൻ ഇ. വി. വ്യാഴം കടം. | |
| 12 | 28 | തി | ✻ മൗ. അ. അൽബത്തോസ് ന. ആ. കു. വെ. | വെ. |
| 13 | 29 | ചൊ | ✻ മൗ. യോഹന്നാൻ ബക്ക്മാൻസ് ന. ആ. കു. വെ. | വെ. |
| 14 | 30 | ബു | ക. മ: കരേററം തലെ. ന. ആ. കു. തലെ. ഇ. വി. | റോ. |
| 15 | 31 | വ്യാ | ✠ ക. മ. കരേററം ന. കു. വെ. | വെ. |
| | | | പ്രേതംവെച്ചുള്ള കർബാനക്രൂടെയും മുടക്കം. (5സ. പൂ. ദ. വി.) | |
| 16 | 32 | വെ | ✻ മൗ. റോക്കി ന. ആ കു. വെ. | വെ. |
| 17 | 1 | ശ | വേ. ലൗറന്തിയോസ് എട്ടാം ന. ആ കു. വെ. | ച്യു. |
| 18 | 2 | ഞാ | ✠ പന്ത. ൧൩-ാം ഞാ. ന. കു. ആ. | .൨൫.൯.൫ വ. |
| 19 | 3 | തി | ✻ മൗ. പാ. പീയൂസ് ന. ആ. കു. വെ. (മേയ് 5.) | വെ. |
| ◑ 20 | 4 | ചൊ | ആ. ബെർണ്ണാദ്ദ ന. ആ. കു. വെ. | വെ. |
| 21 | 5 | ബു | ക. മ. കരേററം എം. ന. ആ. കു. വെ. | വെ. |
| 22 | 6 | വ്യാ | ✻ക. മാ. കരേററം വ്യ-ാം ന. ആ. കു. വെ. | വെ. |
| 23 | 7 | വെ | ✻ ശ്ലീ. ബത്ത്ലൊമ്മാ തലെ. ന. ആ. കു. തലെ. | |
| 24 | 8 | ശ | (†) ശ്ലീ ബത്ത്ലൊമ്മാ ന. കു. വെ. | ച്യു. |
| 25 | 9 | ഞാ | ✠ പന്ത. ൧൪-ാം ഞാ. ന. കു. ആ. | ·൧൦ ·൨ ·൭ വ. |
| 26 | 10 | തി | വേ. പാ. സെപ്പുരിനോസ് ന. ആ. കു. വെ. | ച്യു. |
| 27 | 11 | ചൊ | ✻ മൗ, യൗസേപ്പുകലസാന്തിയോസ് ന. ആ. കു. വെ. | വെ. |
| 28 | 12 | ബു | മൗ അ. മല്പാൻ അഗുസ്തീനോസ് ന. ആ. കു. വെ. | വെ. |
| | | | എറണാകുളം മെത്രാപ്പോലീത്താച്ചൻ തിരുമനസ്സിലെ നാമകാരണൻ. | |
| 29 | 13 | വ്യാ | യോഹ. മാംദാനയുടെ തലവെട്ടി ന. ആ. കു. വെ. | ച്യു. |
| 30 | 14 | വെ | വേ. ഫലിക്സും കൂട്ടരും ന. ആ. കു. വെ. | ച്യു. |
| | | | എ. ഭാ. ക. മറിയത്തിൻെറ പിറവിക്കു ആസ്സപ്പാടായിട്ടുള്ള നവനാൾ തുടങ്ങുന്നു. | |
| 31 | 15 | ശ | ✻ മൗ. റൈമുന്തുസ് ന. ആ. കു. വെ. | വെ. |
| | | | നാളെ വ്യാകുലമാതാവിൻെറ വണക്കമാസം ആരംഭിക്കുന്നു. | |

Printed and Published for the Proprietor by P. K. Joseph at
St. Joseph's Press Mannanam 1929.



പരിശുദ്ധ കന്യകമറിയത്തിന്റെ
സ്വർഗ്ഗാരോഹണം.

(തിരുനാൾ ആഗസ്റ്റ് ൧൫-ാംനു-)

കർമ്മെല കുസുമം

പുസ്തകം ൨൧)    ആഗസ്റ്റ്.    (ലക്കം ൮.

# സ്വർഗ്ഗനായികാ കീർത്തനം.

(ജോസഫ് ജി. പള്ളിപ്പാടൻ ഇടപ്പള്ളി.)

രാഗം ഹിന്ദുസ്ഥാൻ തോടി.    താളം ആദി.

"അമാരനബി" എന്ന മട്ട്.

പല്ലവി.

മനോജ്ഞശീലേ! നാരീ- മാണിക്യമംബേ!

അനുപല്ലവി.

പാപികൾക്കാലംബമേ!- പാഹിമാം മറിയമേ! (മനോ)

ചരണം.

1) മംഗളതരവര- മന്ദിര പരാപരൻ-
തന്നുടെ സുരുചിര-മംബികയാകും മേരീ! (മനോ)
2) നാകമതിന്നുമൂഴി-യായതിനും റാണിയായ്
ലാലസിതേ! വരദേ!- പാഹിമാംപരിപൂതേ! (മനോ)
3) കന്മഷമലീമസം- ചേർന്നിരുളാർന്നീടുമെൻ-
മാനസമുകുരമെൻ- മാതാവേ! തെളിക്കണേ! മനോ)

# പ്രസാധകക്കുറിപ്പുകൾ.

## ദൈവജനനിയുടെ സ്വർഗ്ഗപ്രാപ്തി.

സ്വർഗ്ഗരാജ്ഞിയുടെ വാത്സല്യമക്കളിൽ ഒരുവനായ വി. ബെർന്നാർദ്ദ ഈ തിരുനാൾ സംബന്ധിച്ചു ഇപ്രകാരം എഴുതിയിരിക്കുന്നു:-

"ഇന്നേദിവസം മഹത്വമേറിയ കന്യക സ്വർഗ്ഗത്തിൽ പ്രവേശിച്ചു അതിലെ നിവാസികളുടെ ആനന്ദത്തെ അവളുടെ സാന്നിദ്ധ്യത്താൽ കിരീടം ധരിപ്പിച്ചു. ലോകത്തിന്റെ രാജ്ഞിയുടെ ഈ ആഗമനത്തെ പ്രകാശമേറിയ. സ്വർഗ്ഗസൈന്യങ്ങൾ കൊണ്ടാടിയ ആ മഹത്വത്തേയും, അവർ അവളെ എതിരേറ്റു അഭിവാദ്യം ചെയ്തതിനേയും, കീർത്തനങ്ങളോടേ അവളുടെ സിംഹാസനത്തിങ്കലേക്കു ആഡംബരപൂർവ്വം അവളെ ആനയിച്ചതിനെയും, ആലോചിച്ചു കാണാൻ ഏതുബോധത്തിനു സാധിക്കും? തന്റെ ദിവ്യകുമാരൻ തന്നെ സ്വീകരിച്ച അവസരത്തിൽ പ്രദർശിപ്പിച്ച ആ ആർദ്രമായ കടാക്ഷങ്ങളും, സ്നേഹപൂർവ്വമായ വീക്ഷണങ്ങളും, ദൈവികമായ ആശ്ലേഷങ്ങളും, ഇത്ര മഹത്വമേറിയ പുത്രനു അനുയോജ്യമായി ഇത്ര മഹത്വം നിറഞ്ഞ മാതാവിനെ ബഹുമാനിക്കുന്നതിലേക്കു സകല സൃഷ്ടി

കൾക്കുംമേലായി അവളെസ്ഥാപിച്ചതും ഉയർത്തിപ്പാൻ ആർക്കുപ്രാപ്തിയുണ്ട്? പരിശുദ്ധമറിയത്തിന്റെ സ്വർഗ്ഗപ്രാപ്തിയെ വർണ്ണിപ്പാൻ ഏതു അധരങ്ങൾ ശക്തമാകും? ലോകത്തിൽ മററു സകലരേക്കാളും കൂടുതൽ വരപ്രസാദങ്ങൾ അവൾ പ്രാപിച്ചതുപോലെ, സ്വർഗ്ഗത്തിൽ, മററു സകലരേക്കാളും കൂടുതൽ മഹത്വം അവൾ പ്രാപിച്ചിരിക്കുന്നു. ദൈവത്തെ സ്നേഹിച്ചവർക്കുസ്വർഗ്ഗത്തിൽ തയാറാക്കിയിട്ടുള്ള ആനന്ദങ്ങൾ മനുഷ്യനേത്രങ്ങൾ ദർശിച്ചിട്ടുമില്ല, ചെവികൾ കേട്ടിട്ടുമില്ല, അവന്റെ ഹൃദയത്തിൽ പ്രവേശിച്ചിട്ടുമില്ല, എന്നാണെങ്കിൽ, ദൈവത്തെ ഉദരത്തിൽ ധരിക്കയും, മറെറല്ലാവരെയുംകാൾ ദൈവത്തെ സ്നേഹിക്കയും ചെയ്ത ഇവൾക്കു സജ്ജീകൃതമായ മഹത്വം എപ്രകാരമുള്ളതാണെന്നു ആർക്കു പറവാൻ കഴിയും? ഓ, മറിയമേ! നീ അനുഗൃഹീതയാകുന്നു. രക്ഷകനെ നിന്നിലേക്കു നീ സ്വീകരിച്ചപ്പോൾ നീ എത്രയും അനുഗൃഹീതയായിരുന്നു. എന്നാൽ രക്ഷകൻ നിന്നെ സ്വീകരിക്കുന്ന ഈ അവസരത്തിൽ നീ അതിലും ഏററമധികം അനുഗൃഹീതയാകുന്നു. ഈ തിരുനാൾ ദിവസത്തിൽ നിന്റെ മധുരനാമത്തെ അഭിവാദ്യം ചെയ്യുന്ന നിന്റെ ദാസന്മാരായ ഞങ്ങൾക്കു നിന്റെ തിരുക്കുമാരനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായുടെ വരപ്രസാദങ്ങളെ നീ വിതരണം ചെയ്തരുളണമേ. ആമ്മേൻ."

### "പാപ്പായുടെ ആധിപത്യം"

മി. കെ. എൻ. ദാനിയേൽ എന്നൊരു മർത്തോമ്മാക്കാരൻ മാർപ്പാപ്പായുടെ പരമാധികാരത്തേക്കുറിച്ചു ഓരോ അസംബന്ധങ്ങൾ എഴുന്നള്ളിച്ചുകൊണ്ടു നടക്കുകയും, കത്തോലിക്കർ എന്തെല്ലാം സമാധാനം പറഞ്ഞു അയാളെ വാക്കുമുട്ടിച്ചാലും ജയഭേരിമുഴക്കി പ്രതിയോഗികളെ അവഹേളിച്ചു വരികയും ചെയ്യുന്ന കഥ കുസുമവായനക്കാർ അറിഞ്ഞിട്ടുള്ളതാണല്ലൊ. മി. ഐ. സി. ചാക്കൊ ബി. എ. ബി. എസ്. സി. "പാപ്പായുടെ ആധിപത്യം" എന്ന പേരിൽ ഈയിട ഒരു ലഘുലേഖ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇരുപത്തേഴു പെയിജുമാത്രമുള്ള ഒരു ചെറിയ പുസ്തകമാണിതെങ്കിലും മി. ദാനിയേൽ ഈ വിഷയം സംബന്ധിച്ചു ഇതേവരെ കാണിച്ചിട്ടുള്ള അജ്ഞതകളേയും അന്യായങ്ങളെയും മിസ്റ്റർ ഐ. സി. തനിക്കു സഹജമായ ശാസ്ത്രീയരീതിയിൽ വിശദമായി ഇതിൽ പ്രതിപാദിച്ചിട്ടുള്ളതു് എല്ലാവരും വായിച്ചിരിക്കേണ്ടതാണ്. മൂന്നുവാരത്തിനകം ലഘുലേഖാകർത്താവു ക്ഷമായാചനം ചെയ്യാതിരിക്കിൽ സിവിലായും ക്രമിനലായും കേസുകൊടുക്കുമെന്നു മി. ദാനിയേൽ നോട്ടീസയച്ചിരിക്കുന്നതായി അറിയുന്നു. ഇതുതന്നെയാണു കത്തോലിക്കർ ഇനി ആഗ്രഹിക്കുന്നതു്. ന്യായം പറഞ്ഞാൽ സമ്മതിക്കാത്തവരെ നീതിന്യായക്കോടതിവഴിയെങ്കിലും ഒന്നു സമ്മതം വരുത്താൻ അവസരം കിട്ടുന്നതു ചില്ലറക്കാര്യമല്ല. അതിനാൽ മിസ്റ്റർ ദാനിയേൽ മുമ്പു ചെയ്തിട്ടുള്ള ചില വാഗ്ദാനങ്ങൾ പോലെ ഇതും കലാശിക്കാതിരുന്നാൽ മതിയെന്നേ ഞങ്ങൾക്കാഗ്രഹമുള്ളു. ഏതായാലും ഇങ്ങനെയൊരു കേസ്സുണ്ടാകുന്നപക്ഷം അതു മി. ഐ. സി. ചാക്കോയുടെ സ്വന്തം കാര്യമല്ലെന്നും സമുദായത്തിന്റെ പൊതുക്കാര്യമാണെന്നും കത്തോലിക്കരെ പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. രണ്ടു ചക്രത്തിന്റെ തിരുവിതാംകൂർ അഞ്ചൽസ്റ്റാമ്പോ, ഒരണയുടെ ബ്രിട്ടീഷ് തപാൽസ്റ്റാമ്പോ സഹിതം സിററിപ്രസ്സ് തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ അപേക്ഷിച്ചാൽ മി. ഐ. സി. യുടെ ഈ ലഘുലേഖ കിട്ടുന്നതാണ്.

### വീണ്ടും ഒരു കൊച്ചുത്രേസ്യാ.

കഴിഞ്ഞ ജൂൺമാസം ൯-ാംനു-തിരുഹൃദയത്തിരുനാൾ കഴിഞ്ഞുവന്ന ഞായറാഴ്ച, വത്തിക്കാൻ ബസ്സിലിക്കായിൽവച്ചു് പരിശുദ്ധ പിതാവ് തിരുമനസ്സുകൊണ്ടു് കർമ്മലീത്താ നിഷ്പാദുകസഭയിൽപ്പെട്ട തിരുഹൃദയത്തിന്റെ കൊച്ചുത്രേസ്യാമഗ്ദ്രീത്തായെ ഭാഗ്യവതി എന്നു നാമകരണം ചെയ്തിരിക്കുന്നു. ഈ പുതിയ കൊച്ചുത്രേസ്യാ ഇററലിയിൽ ഫ്ളോറൻസുപട്ടണത്തിൽവച്ചു ൧൭൭൦-ാമാണ്ടു് പരലോകപ്രാപ്തയായി. മരിക്കുമ്പോൾ ഇരുപത്തിമൂന്നു വയസ്സു പ്രായമേ ഉണ്ടായിരുന്നുള്ളൂ. തിരുക്കല്ലറിടം തുറന്നപ്പോൾ അതിൽനിന്നു ഒരു സ്വർഗ്ഗീയ പരിമളം പുറപ്പെടുകയും, തിരുശരീരം അക്ഷയമായി കാണപ്പെടുകയും ചെയ്തു.

# നമ്മുടെ മാതൃഭക്തി.

ചെറുപ്പം മുതൽതന്നെ നമ്മുടെ പരിത്രാതാവിന്റെ അമ്മയായ വിശുദ്ധ മറിയത്തോട്ട് പ്രത്യേക ഭക്തിയുള്ളവരായിരിക്കുന്നതിനു നാം പരിശീലിച്ചിട്ടുണ്ട്. തൽസമയം തുടങ്ങി തന്നെ വി. മറിയം നമ്മുടെയും അമ്മയാണെന്ന് നാം ധരിക്കയും, പൂൎണ്ണമായി വിശ്വസിക്കയും, അവൾ നമ്മെ നിൎവ്യാജമായി സ്നേഹിക്കുന്നുണ്ടെന്നും, നമ്മുടെ സകല ആവശ്യങ്ങളിലും സൎവ്വദാ നമ്മെ സഹായിക്കുന്നതാണെന്നും, ദൈവത്തോടുള്ള അവളുടെ മദ്ധ്യസ്ഥാപേക്ഷകൾ ഏററം ശക്തിമത്താണെന്നും, നമ്മുടെ സ്നേഹത്തിനും അത്യഗാധവണക്കത്തിനും അവൾ യോഗ്യയാണെന്നും ദൃഢമായി കരുതിപ്പോരുകയും ചെയ്യുന്നു. വിശുദ്ധ മറിയത്തെപ്പററി അറിയപ്പെട്ടിട്ടുള്ള സംഗതികളെ സംശയിക്കുന്നതിനു നമുക്ക് യാതൊരു കാരണവുമില്ല. എന്നാൽ ലോക ചരിത്രത്തിൽനിന്നും ലോകത്തിൽ ദൈവത്തിന്റെ സഭയിൽനിന്നും നമുക്കറിയാവുന്ന സംഗതികൾ മറിയത്തിന്റെ ശക്തിയേയും മഹത്വത്തേയും, മൎത്ത്യഗണത്തിനുവേണ്ടിയുള്ള അവളുടെ മാദ്ധ്യസ്ഥത്തിന്റെ മാഹാത്മ്യത്തെയും സ്ഥിരപ്പെടുത്തുന്നു. എന്തുകൊണ്ടെന്നാൽ പുരാതനകാലംതുടങ്ങി ഈ അമ്മ തന്റെ ആശ്രിതൎക്കു ചെയ്തിട്ടുള്ള നിരവധി നന്മകളുടെ യഥാൎത്ഥവും അവിതൎക്കിതവുമായ രേഖകളും, സ്മാരകങ്ങളുംകൊണ്ട് സഭാചരിത്രം പ്രശോഭിതമായിരിക്കുന്നു.



ആധുനിക കാലത്തിലെ സംഭവങ്ങൾ തന്നെ ഈ പ്രസ്താവത്തെ വിശദീകരിക്കുന്നു. സുബോധമുള്ള യാതൊരുത്തനും ലൂർദിൽ അനുദിനമെന്നോണം സംഭവിച്ചുകൊണ്ടിരിക്കുന്ന അത്ഭുതങ്ങളുടെ തെളിവുകളെ നിഷേധിക്കുന്നതിനു സാധിക്കുകയില്ല. ലൂർദ് ചരിത്രത്തെ കൂലങ്കഷമായി പരിശോധിച്ച് അവിടം എങ്ങിനെ നമ്മുടെ അമ്മയുടെ ഒരു തീൎത്ഥസ്ഥലമായിത്തീൎന്നുവെന്ന് കണ്ടുപിടിക്കുന്ന യാതൊരു സുബുദ്ധിക്കും അവിടെ സംഭവിച്ചിട്ടുള്ളതും സംഭവിക്കുന്നതുമായ അത്ഭുതങ്ങൾ, ദൈവത്തോടുള്ള പരിശുദ്ധ മറിയത്തിന്റെ ശക്തിമത്തായ മാദ്ധ്യസ്ഥത്തിന്റെ ഉത്തമലക്ഷ്യങ്ങളല്ലെന്നു സംശയിക്കാൻ വഴിയില്ല. ഒന്നുകൂടി വിശദമായിപ്പറഞ്ഞാൽ, എത്രതന്നെ സാമൎത്ഥ്യവും ജ്ഞാനവുമുണ്ടെങ്കിലും, അത്ഭുതങ്ങളുടെ അസംഭാവ്യതയെയൊ, വിശുദ്ധന്മാരുടെ മാദ്ധ്യസ്ഥം വഴിയായി ഉണ്ടാകുന്ന അത്ഭുതപ്രവൃത്തികൾമുഖാന്തിരം ദൈവം അവൎക്കുനൽകുന്ന ബഹുമാനത്തെയൊ, ദുൎന്നിൎണ്ണയത്തോടും മുൻവിധിയോടുംകൂടി വീക്ഷിക്കുന്ന യാതൊരുത്തനും സുബുദ്ധിയുള്ളവനല്ല.

കത്തോലിക്കാസഭയിൽ നമ്മുടെ ന്യായാവകാശത്തിൽ ഒരു ഭാഗം മാതാവിനോടുള്ള ഭക്തിയാണെന്നു നമ്മെത്തന്നെ നാംമനസ്സിലാക്കേണ്ടതില്ല. അതു നമുക്കു ദൈവദത്തമായ വിശ്വാസം പോലുള്ള ഒരു ദൃഢസംഗതിയാണ്. അതിന്റെ യാഥാൎത്ഥ്യത്തെയൊ, അനുയോജ്യതയേയോപററി, സഭയുടെ പ്രബോധത്തേയും മറിയത്തിന്റെ ശക്തിയാൽ എല്ലാ ശതാബ്ദങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന നിരവധി അത്ഭുതങ്ങളേയുംകാൾ കൂടുതലായ ഒരു തെളിവ് ആവശ്യമില്ല. എങ്കിലും നമ്മുടെ ഭക്തിക്കു പുനൎജ്ജീവൻ ഉണ്ടാകുന്നതിനും, വി.മറിയത്തോടുള്ള യഥാൎത്ഥ ഭക്തിയാൽ നമ്മുടെ ഹൃദയം നിറയുന്നതിനുംവേണ്ടി ഇടയ്ക്കിടെ നാം അതേപ്പററി ചിന്തിക്കുന്നതു പ്രയോജനകരമായിരിക്കും.

## മെക്സിക്കോയിലെ

# ഒരു ബാലരക്തസാക്ഷി.

(റവ. ഫാദർ ചാറൽസ് സി. ഡി. ബി. എ.)

കൊളീമായിലെ തോമ്മാ ദെലാ മൊറാ പതിനാറു വയസ്സു പ്രായമുള്ള ഒരു ബാലനായിരുന്നു. വിമലഹൃദയനും ഉദാരബുദ്ധിയും ആയ ഈ ബാലൻ ലൌകിക ആകൎഷണങ്ങളാൽ തനിക്കു ആത്മീയ മാലിന്യം സംഭവിക്കാതിരിപ്പാൻവേണ്ടി വേദസാക്ഷിയായി മരിക്കുന്നതിനു ആഗ്രഹിച്ചിരുന്നു. പ്രാപഞ്ചികവിനോദങ്ങളിൽ തോമ്മസിനു അശ്ശേഷം ആസക്തിയുണ്ടായിരുന്നില്ല. സ്വൎഗ്ഗത്തിൽ മാത്രമെ തനിക്കു ആശ്വാസം ലഭ്യമാകയുള്ളുവെന്നായിരുന്നു ഇയാളുടെ അഭിമതം. എന്നാൽ വേദസാക്ഷിവിരുതും കയ്യിലേന്തി സ്വൎഗ്ഗത്തിൽ പ്രവേശിക്കണമെന്നു അതിയായി ആഗ്രഹിച്ചിരുന്നു. അദ്ദേഹത്തിന്റെ രണ്ടു ആപ്തമിത്രങ്ങൾക്കു എഴുതിയ കത്തുകളിൽ ഈ രണ്ടു അഭിലാഷങ്ങളും പരമാൎത്ഥമായി വെളിപ്പെടുത്തിക്കാണുന്നു. എജ്ജുട്ടലായിലെ മെത്രാൻ വധിക്കപ്പെട്ട വൃത്താന്തം അദ്ദേഹം കേട്ടയുടനെ താഴെവരുന്നപ്രകാരം തന്റെ സ്നേഹിതന്മാൎക്കു എഴുതുകയുണ്ടായി.

കൊളീമാ,
൧൯൨൭ മെയ് ൩൧.

ഞാൻ വളരെ ധൃതിയിലാണു എഴുതുന്നതു്. അത്താഴം ഇപ്പോൾ കഴിച്ചതേയുള്ളു. ഒരു യോഗത്തിൽ സംബന്ധിക്കാനുണ്ടു്. എജ്ജുട്ടലായിലെ മെത്രാനച്ചനെ സംബന്ധിച്ചു് കൂടുതൽ വിവരങ്ങൾ അറിവാൻ ശ്രമിക്കണം. ഈ ഘോരമായ മതപീഡനത്തിന്റെ ആദ്യരക്തസാക്ഷി അദ്ദേഹംതന്നെ ആയിരിക്കണം. നമുക്കു ഇങ്ങനെ ഒരു ധീരപുരുഷനെ നൽകിയ ദൈവത്തിനു നന്ദികാണിക്കേണ്ടതു നമ്മുടെ കടമയത്രെ. മെക്സിക്കോയുടെ ആദ്ധ്യാത്മികശക്തി മന്ദീഭവിച്ചും ക്ഷയിച്ചുമിരിക്കുന്നുവെങ്കിലും ഈ മൎദ്ദനകാലത്തു രക്തസാക്ഷികളുടെ ധീരതമൂലം നമ്മുടെ രാജ്യം ലോകസമക്ഷം പ്രശോഭിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. മെക്സിക്കരായ നമ്മുടെ എല്ലാവരുടെയും വിശ്വാസം അധികശക്തിപ്പെടുന്നതിനായി ദിവ്യകാരുണ്യഈശോയോടു സമീപിച്ചിരിക്കുന്ന നിങ്ങൾ അങ്ങേപ്പക്കൽ ഞങ്ങൾക്കുവേണ്ടി പ്രാൎത്ഥിക്കണം. വേദഞെരുക്കം അവസാനിക്കുന്നതിനായി ഇനി പ്രാൎത്ഥിക്കേണ്ട ആവശ്യമില്ലാ. നീറൊ ചക്രവൎത്തിയുടെ കാലത്തിലെപ്പോലെ ഇപ്പോഴും ഓരോ കത്തോലിക്കനും ഒരോ ധീരപരാക്രമിയായിത്തീരേണ്ടുന്നതിനാണു് പ്രാൎത്ഥിക്കേണ്ടതു്. സുകൃതത്തിൽ വളരുന്നതിനുള്ള ശ്രമം ഒരിക്കലും വിടരുതു്. എന്തുകൊണ്ടെന്നാൽ നിങ്ങൾ അഭിവൃദ്ധിപ്രാപിക്കയില്ലെങ്കിൽ നിങ്ങൾ സംശയമെന്യെ പിന്നോക്കംപോകും. നിങ്ങളുടെ സാഹചൎയ്യങ്ങളെ ആലോചിക്കുക. വളരെ ലൌകിക ആകൎഷണങ്ങൾ നിങ്ങളുടെ ചുററിലുമുണ്ടു്. അതുകൊണ്ടു എത്രതന്നെ മനോജ്ഞമായിരുന്നാലും അങ്ങോട്ടു വരുന്നതിനും ആ സ്ഥലത്തെപ്പററി അറിയുന്നതിനും എനിക്കു ആഗ്രഹമില്ല. ഇത്രയും പറഞ്ഞു വിരമിച്ചുകൊള്ളട്ടെ.

എന്നു സ്വന്തം തൊമസു് ദെലാമോറാ.

ഏതാനും മാസങ്ങളുടെശേഷം വേറൊരു സ്നേഹിതനു അയച്ച കത്തിൽ ഈ ആശയങ്ങൾ തന്നെ പ്രതിബിംബിച്ചു കാണുന്നു. "നാം ഒരുമിച്ചു ഈ ചെറിയ ഭവനത്തിൽ താമസിച്ചിരുന്ന കാലത്തു നമ്മുടെ പ്രിയപ്പെട്ട വല്യപ്പനെപ്പററി എത്ര ദുഃഖസ്മരണകൾ നമ്മുടെ ഹൃദയത്തെ മുറിപ്പെടുത്തീട്ടുണ്ടു്. അദ്ദേഹം ഇതിൽ അധിവസിച്ചിരുന്നപ്പോൾ ഈ വീടു എത്ര ആനന്ദകരവും സജീവവുമായി നമുക്കു തോന്നിയിരുന്നു. വിശുദ്ധ

ന്മാർ ഭൌതികവസ്തുക്കളെ നിസ്സാരങ്ങളായി ഗണിക്കുന്നതു എത്രയോ ന്യായപൂർവ്വമാണ്. ഇന്നത്തെ സന്തോഷങ്ങൾ പലപ്പോഴും താമസംവിനാ ദുഃഖസ്മരണകളായി ഭവിക്കുന്നില്ലയൊ? അവ ആത്മാവിനോടു "ഓ! നിർഭാഗ്യനെ! നിനക്കു സദാ ഞങ്ങളെ അനുഭവിച്ചുകൊണ്ടിരിക്കാമെന്നു കരുതിയെങ്കിലും അങ്ങിനെയല്ലാ വാസ്തവം, നീ വേഗത്തിൽ മരിച്ചുപോകും. അതിനാൽ അനശ്വരമായ ഭാഗ്യത്തെ അന്വേഷിക്കുന്നതാണു നിന്റെ ധർമ്മം" എന്നു പറയും.

എന്റെ ചിന്തകൾ എന്തായിരിക്കാമെന്നു ഒരുപക്ഷേ നീ ആശ്ചര്യപ്പെട്ടേക്കാം. ഞാൻ ഒരു വേദസാക്ഷിയായിത്തീരുന്നതിനു നീ എനിക്കുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കണം.

തോമസ് ദെലാമോറാ.

തോമസ്സിന്റെ ഈ അഭിലാഷങ്ങൾ വേഗത്തിൽതന്നെ സാധിച്ചു. 1927 ആഗസ്റ്റ് 5-ാംനു- സഹോദരന്മാരുമായി കളിച്ചുകൊണ്ടു നില്ക്കുമ്പോൾ പത്തു പടയാളികൾ വന്നു അദ്ദേഹത്തെ ബന്ധനസ്ഥനാക്കി. പുത്രൻ മതപീഡനക്കാരുടെ കയ്യിൽ അകപ്പെട്ടുവെന്നു കണ്ടു അദ്ദേഹത്തിന്റെ അമ്മ വ്യസനാക്രാന്തയായി പ്രലപിച്ചുതുടങ്ങി. എന്നാൽ ആ ബാലൻ അസാമാന്യശാന്തതയോടും ധീരതയോടും കൂടി "എന്റെ അമ്മെ, അമ്മ വ്യസനിക്കരുത്. അമ്മയുടെ ആശിസ്സു ഇനിക്കു നൽകുക. ഈ ലോകത്തിൽ നാം തമ്മിൽ ഇനി കാണുകയില്ലെങ്കിൽ നമുക്കു മോക്ഷത്തിൽവച്ചു കാണാം" എന്നു പറഞ്ഞു. പിന്നീടു അദ്ദേഹം മുട്ടുകുത്തി കടശിയായി തന്നെ ആശീർവ്വദിക്കണമെന്നു അമ്മയോടു അപേക്ഷിച്ചു. തന്റെ ഓമനപുത്രനെ ഭടന്മാർ പിടിച്ചുകൊണ്ടു പോകുന്നതു ദുഃഖിതയായ ആ മാതാവു ദർശിച്ചുകൊണ്ടു കുറെനേരം സ്തംഭിച്ചുനിന്നുപോയി.

തോമസ് സേനാധിപന്റെ മുമ്പാകെ കൊണ്ടുവരപ്പെട്ടപ്പോൾ ഉണ്ടായ സംഭാഷണം താഴെവരുന്നപ്രകാരമായിരുന്നു.

"വിപ്ലവകാരായ കത്തോലിക്കരോടു തനിക്കു കത്തു ഇടപാടുണ്ടോ?"

നിങ്ങൾക്കു അതു തെളിയിക്കാൻ സാധിക്കാത്ത കാലത്തോളം ഞാൻ ഉത്തരം പറയേണ്ട ആവശ്യമില്ലാ.

"ഇതാ ഒരു കത്തു് ഇതിലെ എഴുത്തും ഒപ്പും നിന്റേതല്ലെ?"

അതെ, അതു് എന്റേതുതന്നെ.

അപ്പോൾ നീ ആ ധീരന്മാരിൽ ഒരുവനാണല്ലൊ. ഇനിയും നിനക്കു മുലകുടിമാറീട്ടില്ലല്ലോ."

ഞാൻ ധീരനായിരുന്നെങ്കിൽ ആ യോദ്ധാക്കളുടെ കൂടെ ഞാനും ചേരുമായിരുന്നു. ഇനിക്കു അത്ര ധൈര്യമില്ല. അതുകൊണ്ടു ഞാനിവിടെ നിന്നുകൊണ്ടു കഴിയുന്ന സഹായം ചെയ്യുന്നു. ക്രൂരന്മാരായ ഉഗ്രവാഴികൾ അടിമപ്പെടുത്തിയിരിക്കുന്ന വി. സഭയെ സ്വതന്ത്രയാക്കുന്നതിനു ക്രിസ്ത്യാനികളായ നാമേവരും— മുലകുടിമാറാത്തവരും മീശവന്നവരും— ഒന്നുപോലെ ശ്രമിക്കേണ്ടതാണ്.

ഈ ബാലന്റെ ക്രിസ്തീയമായ മറുപടികേട്ട് ആ സൈന്യാധിപൻ മത്ദ്വേഷത്താൽ എരിഞ്ഞു് ഭടന്മാരോട് ആ ബാലനെ നിർദ്ദയമായി പ്രഹരിക്കുന്നതിനു ആജ്ഞാപിച്ചു. തോമ്മസ് നിഷ്ഠൂരമായ അടികളേററശേഷം കരിവാളിച്ച മുഖത്തോടുകൂടെ ദുഷ്ടനായ സൈന്യാധിപന്റെ മുമ്പാകെ വീണ്ടും ആനയിക്കപ്പെട്ടു. കുട്ടിയുടെ ദയനീയസ്ഥിതി കണ്ടപ്പോൾ പീഡനംമൂലം അവന്റെ സ്ഥിരതയ്ക്കു ഭംഗം വന്നിരിക്കണമെന്നുകരുതി സൈന്യാധിപൻ കുട്ടിയോട് ഇപ്രകാരം പറഞ്ഞു. വിപ്ലവകാരികളായ കത്തോലിക്കരുമായി നീ മേലാൽ സഹകരിക്കയില്ലെന്നു വാഗ്ദാനം ചെയ്യുന്ന പക്ഷം നിന്നെ സ്വതന്ത്രനായി വിട്ടേക്കാം. തോമസ് ഉത്തരമായി "ഞാൻ ഉടനെ കാര്യങ്ങളെല്ലാം അവരെ ഗ്രഹിപ്പിക്കും. എന്റെ മാതാവായ സഭ ദുഃഖാബ്ധിയിൽ മുഴുകിയിരിക്കുമ്പോൾ ഞാൻ അലസനായിരിക്കയില്ല" എന്നു പറഞ്ഞു.

തർച്ചീസിയൂസ്, പങ്ക്രേഷിയസു മുതലായ യുവ വേദസാക്ഷികളുടെ ധീരതയെ അനുസ്മരിപ്പിക്കുന്ന ഈ ഉത്തമ മറുപടി പ്രസ്തുത ഉദ്യോഗസ്ഥന്റെ മതദ്വേഷത്തെ ഉജ്വലിപ്പിക്കമാത്രമേ ചെ

യുള്ളൂ. ആ ബാലനെ ഉടനെ തൂക്കി കൊല്ലുന്നതിനു ന്യായവിധികളുടെ യാതൊരു മുറകളും അനുസരിക്കാതെ ആ അധിപൻ ഉത്തരവിട്ടു. തൻെറമേൽ ഉച്ചരിക്കപ്പെട്ട മരണവിധിയെ കേട്ടപ്പോൾ തോമസ് ഭീതിയുടെ യാതൊരു ലക്ഷണവും കാണിച്ചില്ലെന്നു മാത്രമല്ല താമസം തനിക്കു നീരസമായിരിക്കുന്നുവെന്നു സന്തോഷപൂർവ്വം സൈന്യാധിപനോടു പറഞ്ഞു.

വിധി നടത്തുന്നതിന്നായി ഭടന്മാർ വന്നപ്പോൾ തോമസു തന്നെത്തന്നെ പൂജിക്കുന്നതിനായി അവരുടെകൂടെ നടന്നുതുടങ്ങി. മെക്ക്സിക്കൻ സഭയോടു അധികം ദ്രോഹം ചെയ്തിരുന്ന എൻസാലേറൊ ദെ ജപാരസ് എന്ന സ്ഥലത്തുകൂടെ കടന്നുപോയപ്പോൾ ആ ബാലൻ "ഇതു ഒരു ശപിക്കപ്പെട്ട സ്ഥലമാകുന്നു. ഇതു് അനുഗ്രഹിക്കപ്പെടുന്നതിന്നായി എന്നെ ഇവിടെവച്ചു തൂക്കിലിടുക" എന്നു പറഞ്ഞു. ആ ഉദ്യോഗസ്ഥൻ വേദസാക്ഷിയുടെ അഭിലാഷത്തിന്നു സമ്മതിച്ചു. ഒരു ഭടൻ തോമസിൻെറ കഴുത്തിൽ കയറിട്ടു മുറുക്കുന്നതിനായി അടുത്തുചെന്നപ്പോൾ "നിങ്ങൾ എന്നെ അശുദ്ധപ്പെടുത്തരുതു്" എന്നു് ആ ബാലൻ പറഞ്ഞു. ഭടൻ ഇതിൻെറ കാരണംചോദിച്ചപ്പോൾ "നിങ്ങൾ പിശാചിൻെറ ഭടന്മാരും ഞങ്ങൾ ക്രീസ്തുരാജൻെറ യോദ്ധാക്കളും ആകകൊണ്ടു് കയറു് എൻെറ കയ്യിൽ തരിക" എന്നു മറുപടി പറഞ്ഞു.

ആ ധീരനായ കുട്ടി കയറു വാങ്ങി സ്വന്ത കഴുത്തിലിട്ടു കെട്ടി ഇപ്രകാരം പറഞ്ഞു. "നിങ്ങൾ ദൈവത്തിന്നെതിരായി യുദ്ധംചെയ്യാൻ തീർച്ചയാക്കിയിരിക്കയാണല്ലൊ. ദൈവത്തെ ജയിക്കാൻ നിങ്ങൾക്കു സാധിക്കയില്ല. എന്തുകൊണ്ടെന്നാൽ ദൈവം എല്ലായ്പോഴും ജയശാലിയാണു്."

"നിനക്കെന്തെങ്കിലും കൃപ യാചിക്കുന്നതിന്നോ കാര്യം തീർമ്മാനിക്കുന്നതിന്നോ ഉണ്ടോ" എന്നു് ഒരു ഉദ്യോഗസ്ഥൻ ചോദിച്ചു. എനിക്കു് ഇഹത്തിൽ യാതൊരുകാര്യവും തീർക്കേണ്ടതായിട്ടില്ല. എൻെറ യാത്രക്കു വേണ്ടതെല്ലാം ഞാൻ തയാർചെയ്തിട്ടുണ്ടു്. ദൈവത്തോടുമാത്രമേ എനിക്കു ചില സംഗതികൾ പ്രാർത്ഥിപ്പാനുള്ളൂ. നിങ്ങളുടെ കണ്ണുകളെ മൂടിയിരിക്കുന്ന തിരശ്ശീല നീങ്ങുന്നതിന്നു് ഞാൻ ആദ്യമായി പ്രാർത്ഥിക്കും. അടുത്തതായി എൻെറ ദുഃഖിതരായ മാതാപിതാക്കന്മാർക്കുവേണ്ടിയാണു് എനിക്കു പ്രാർത്ഥിപ്പാനുള്ളതു്. മൂന്നാമതായി തിരുസഭക്കുവേണ്ടിയും എൻെറ ജന്മഭൂമിക്കുവേണ്ടിയും ഞാൻ പ്രാർത്ഥിക്കുന്നു.

ഉദ്യോഗസ്ഥൻ ഹാസ്യമായി അവനോടു "നീ നിനക്കായി പ്രാർത്ഥിക്കുന്നില്ലേ. അതിന്നു നിനക്കാവശ്യവുമില്ല അല്ലേ" എന്നു ചോദിച്ചു. "ഞാൻ എനിക്കായി ഒന്നും അപേക്ഷിക്കുന്നില്ല. കോടാകോടി ജനങ്ങളെ രക്ഷിക്കുന്നതിന്നു വേണ്ട യോഗ്യതകളൊക്കെയും മിശിഹാ പണ്ടേതന്നെ സംഭരിച്ചു വെച്ചിട്ടുണ്ടു്. അദ്ദേഹം എന്നെ രക്ഷിക്കുമെന്നു് എനിക്കുറിയാം. എന്തുകൊണ്ടെന്നാൽ ഞാൻ തനിക്കുള്ളവരിൽ ഒരുത്തനാണു്, ഞാൻ അങ്ങേപ്രതിയാണു് മരിക്കുന്നതും" എന്നു തോമസ് ഉത്തരിച്ചു.

അനന്തരം ആ ബാലനായ രക്തസാക്ഷി ക്രീസ്തുരാജൻ ദീർഘകാലം വാഴട്ടെ! ഗ്വഡലോപ്പിലെ പരിശുദ്ധ കന്യകയും ദീർഘകാലം വാഴട്ടെ എന്നു് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. അപ്പോൾ ആ ഉദ്യോഗസ്ഥൻ കയറു വലിച്ചുമുറുക്കുന്നതിനായി ഭടന്മാരോടു ആജ്ഞാപിക്കയും തൽക്ഷണം ആ ബാലൻെറ പ്രതാപംനിറഞ്ഞ ആത്മാവു് കുറമില്ലായ്മയുടെ വസ്ത്രം ധരിച്ചും രക്തസാക്ഷിയുടെ ജയവിരുതു് ഏന്തിയും സ്വർഗ്ഗത്തിലേക്കു പ്രവേശിക്കയും ചെയ്തു.

# ഭക്തൻെറ വിലാപം.

(ശ്രീമാൻ മുകളയിൽ ജോസഫ് വാദ്ധ്യാർ.)

പരമേശ! ദയാനിധേ! ധരാ–
ഭരണം ചെയ്യൊരുരാജരാജ! ഭോ!
എരിയുന്നു മമാശയം ഭവാൻ
കുരിശിൽ പാർത്തുഹന്ത! കാണവേ. ൧

മൃദുവായൊരു പട്ടുമെത്തയിൽ
കുതുകം പൂണ്ടുശയിച്ചിടേണ്ടനീ
ഇദമീശ! കിടന്നു മർത്ത്യരിൽ
കദനം ചേർപ്പതസഹ്യമാണുമേ! ൨

മൃതിജീവിഗണത്തിനേകിടും
മതിബിംബാനന! നീയുമീവിധം
ബത! മൃത്യുവശത്തിലായ് കിട–
പ്പതുഭക്തനു കഠോരദർശനം! ൩

ഉലകം വിരവിൽ ചമച്ചവൻ–
ബലവാനങ്ങു മഹേശ! ക്രൂശിതിൽ
കൊലപാതകനെന്നപോലെയീ–
നിലയിൽ തൂങ്ങുകയോഭയങ്കരം?! ൪

ഉയരും നില സാർവ്വഭൗമനും
ദയയോടേകിനമാമകപ്രഭോ!
ഭയമററരിപുക്കളിക്കടും–
ക്രിയനിന്നോടുതുടന്നതത്ഭുതം! ൫



മലർ തോററ ഭവാൻെറ മേനിയേ
ഖലർ വല്ലാതെ യുപദ്രവിച്ചഹോ!
മലിനത്വമണച്ചുരക്തപ–
ങ്കിലമാക്കീബത! കാൺകവയ്യമേ! ൬

രവിപോലെയിരുന്നമെയ്യിതാ (യ്!
പവിഴത്തിൻെറ നിറം വഹിച്ചുപോ
ഛവിയും കറവായി, കാറിനാൽ
രവിയും തെല്ലുമയങ്ങുകില്ലയോ? ൭

സുമനോഹരമായ പൂമുഖം
ക്രമമററിന്നു കറുത്തു കാൺകയാൽ
മമഹൃത്തുമിരുണ്ടിടുന്നിതെ–
ന്നമരാധീശ്വര!മാൽമികച്ചുയാം. ൮

അരിയോരുടവേററു കണ്ണുനീ–
രരുവിക്കൊപ്പമൊലിച്ചിടുന്നതാം
തിരുവക്ത്രമിരിപ്പുപോയലാ–
ന്നൊരു ചെന്താമരയെന്നപോലവേ! ൯

കഠിനാശയരായയൂദർ ത–
ന്നടികൊണ്ടിട്ടഹ! നിൻകവിൾത്തടം
സ്ഫുടമിന്നുതടിച്ചു കണ്ടിട്ടു
ന്നടിയൻ ദേവ! സഹിക്കവയ്യമേ! ൧൦

# സർവ്വപ്രധാന ചിന്താവിഷയം.

(റവ. ഫാദർ തോമസ് മൂഞ്ഞേലി.)

നമ്മുടെ പ്രഥമമാതാപിതാക്കന്മാരുടെ അധഃപതനകാലംമുതൽ മനുഷ്യാത്മാവിൻെറ സ്വാധീനതയ്ക്കുവേണ്ടി ദൈവവും സാത്താനും തമ്മിൽ ഒരു നിരന്തരസമരം നടന്നുവരുന്നുണ്ടു. പിശാചിൻെറ അനുസരണക്കേടു മുഖാന്തരം വരുത്തിക്കൂട്ടിയ ശിക്ഷനിമിത്തം ദൈവത്തോടുള്ള പകയും, പാപം നിമിത്തം ശിക്ഷിതരായ മാലാഖാമാർക്കു നഷ്ടപ്പെട്ട മോക്ഷം മനുഷ്യർക്കു് അവകാശമായിതീന്നതുകൊണ്ടുള്ള അസൂയയുമാണു ഈ പോരാട്ടത്തിൻെറ ഉല്പത്തി. സർപ്പവേഷധാരിയായ പിശാചാണു അവ്വായുടെ അധഃപതനത്തിനായി പ്രേരിപ്പിച്ചതു. അവ്വായുടെ സന്താനങ്ങൾക്കു സിദ്ധിക്കുന്ന ഉത്ഭവദോഷാവകാശംമൂലം

പിശാചിന്റെ വിജയം പൂൎത്തിയാകാതിരിക്കുന്നതിനുവേണ്ടി ദൈവം അയാളെ പരാജയപ്പെടുത്തത്തക്കവണ്ണം വേറെ ഒരു അമ്മായെ സൃഷ്ടിച്ചു. ദിവ്യപുത്രന്റെ മാതാവായ മറിയം ദുൎബ്ബലപ്പെട്ട മനുഷ്യപ്രകൃതിക്കു ഒരേകാശ്രയമായിതീൎന്നു. താൻ ദൈവമാണെന്നു പ്രഖ്യാപനം ചെയ്ത ഈശോ അത്യന്തം നിന്ദ്യമായ ക്രൂശുമരണം പ്രാപിച്ചപ്പോൾ, പിശാചിനു വിജയംസിദ്ധിച്ചുപോയെന്നു അവൻ സ്വയം കീൎത്തിച്ചു. എന്നാൽ, ഈശോ പ്രതാപവാനായി ഉയിൎത്തെഴുന്നേററു സ്വൎഗ്ഗത്തിലേക്കു ആരോഹണം ചെയ്തപ്പോൾ, അവന്റെ വിജയം പരാജയമായി പരിണമിച്ചു.

ദൈവവും സാത്താനും തമ്മിലുള്ള സമരം കടശിയിലത്തെ ആത്മാവുകൂടി സ്വൎഗ്ഗത്തിലേയ്ക്കു രക്ഷിതനാകയൊ, നരകത്തിലേയ്ക്കു ശിക്ഷിതനാകയൊ, ചെയ്യുന്നതുവരെ നിലനില്ക്കുന്നതാണു. കാലപരിപൂൎണ്ണതവരുമ്പോൾ, ദൈവം വിജയിയാകയും, സാത്താനും അവന്റെ അനുഗാമികളും അന്തഭാഗങ്ങളിൽ നിത്യമായി അടയ്ക്കപ്പെടുകയും ചെയ്യും. അകയാൽ, ദൈവം നമ്മുടെ പുരോഗതിയെ ഹൃദയംഗമമായി കാംക്ഷിക്കുന്നതുപോലെ, സാത്താനും നമ്മുടെ നാശത്തെ സൎവ്വാത്മനാ കാംക്ഷിക്കയും, തദൎത്ഥം ഭഗീരഥ പരിശ്രമം ചെയ്തുവരികയും ചെയ്യുന്നുണ്ടു. ആത്മാവിന്റെ വില അതിന്റെ അന്ത്യമായ സ്രഷ്ടാവിനോടുകൂടിയുള്ള നിത്യസൌഭാഗ്യത്തെ അളന്നാണു പരിഗണിക്കേണ്ടതു. ആത്മാവിനെ ദൈവവരപ്രസാദത്തിൽനിന്നു വിദൂരത്തിലാക്കിയാൽ തന്നെയും, അതു സ്വൎഗ്ഗത്തിനു പുറമെയുള്ള ഏററവും വിലയേറിയ വസ്തുവായിരിക്കും. എന്തുകൊണ്ടെന്നാൽ, ആത്മാവു ദൈവത്തെപോലെ അരൂപിയും, ബുദ്ധിയുള്ളതും, മരണമില്ലാത്തതുമാകുന്നു. ദൈവത്തെപോലെ അതിനു സ്വതന്ത്രമനസ്സുണ്ടു. സൂൎയ്യനും ചന്ദ്രനും നക്ഷത്രങ്ങളും ശൂന്യപ്പെട്ടാലും, ആത്മാവു നശിക്കുന്നതല്ലാ. എന്നാൽ, ദൈവവരപ്രസാദത്താൽ അലംകൃതമായ ആത്മാവു എല്ലാററിനെക്കാളും മാഹാത്മ്യമുള്ളതായിരിക്കും. മനുഷ്യഹൃദയത്തിൽ പ്രവേശിക്കുവാൻ നിൎവ്വാഹമില്ലാത്തവിധമുള്ള മഹാ സൌഭാഗ്യത്തിനു് അതു അവകാശിയായിത്തീരുന്നു.

ഏതൽകാരണത്താൽ, നമ്മുടെ ആത്മാവിന്റെ രക്ഷയിൽ അതു ന്യായമായി അൎഹിക്കുന്ന സൎവ്വപ്രധാനമായ ശ്രദ്ധ പതിക്കണമെന്നു സാമാന്യബോധം തന്നെ വിളിച്ചു പറയുന്നുണ്ടു. ശരീരത്തിനു അസ്വാസ്ഥ്യം ഭവിക്കുമ്പോൾ, അപകടത്തിൽനിന്നു അതിനെ സംരക്ഷിക്കയും, പോഷിപ്പിക്കയും ചെയ്യുന്നതിനും, അതിന്റെ കൂടുതൽ മേന്മക്കായി മുൻകരുതലുകൾ ചെയ്യുന്നതിനും വൈദ്യവിദഗ്ദ്ധന്മാരോടുനമ്മൾആലോചനചെയ്തുവരാറുണ്ടു്. ആത്മാവിന്റെ വിലയെ സംബന്ധിച്ചു ഗാഢമായി ആലോചിച്ചിട്ടുള്ള ലക്ഷോപലക്ഷം ജനങ്ങൾ, അതിന്റെ രക്ഷ സുനിശ്ചിതമായിരിക്കുവാൻ ഐഹികങ്ങളായ സമസ്തവും സ്വജീവനെപ്പോലും ബലികഴിച്ചിട്ടുണ്ടു്. നമ്മുടെ ആധുനിക കാലത്തും, വിവിധതരത്തിലുൾപ്പെട്ട അനേക സഹസ്രം ജനങ്ങൾ സന്യാസാശ്രമങ്ങളിൽ ജീവിതം നയിച്ചുവരുന്നുണ്ടു്. നമ്മുടെ ആത്മരക്ഷയിൽ ശ്രദ്ധയും ചിന്തയും കൂടാതെ ജീവിക്കുന്നുണ്ടെങ്കിൽ, അതു ആത്മാവിന്റെ മാഹാത്മ്യത്തേപ്പററി വിചിന്തനം ചെയ്യാത്തതുകൊണ്ടും, അതിന്റെ യഥാൎത്ഥവില ഗ്രഹിക്കാത്തതുകൊണ്ടുമാകുന്നു. ഹുണ്ടികകളിൽ നിക്ഷിപ്തമായിരിക്കുന്ന നമ്മുടെ പണത്തെപ്പററി നമ്മൾ എത്ര ശ്രദ്ധാലുക്കളായി കാണുന്നു. നമ്മുടെ ആരോഗ്യത്തെ നിലനിൎത്തുന്നതിനും സുഖക്കേടു ഭവിക്കുമ്പോൾ, അതിനെ പുനസ്ഥാപിക്കുന്നതിനും എന്തു പരിശ്രമമാണു നമ്മൾ ചെയ്തുവരുന്നതു്. എന്നാൽ, നഷ്ടപ്പെട്ടുപോയ പണവും ആരോഗ്യവും നമുക്കു വീണ്ടുംലഭിക്കാവുന്നതാണു. നഷ്ടപ്പെട്ടുപോകുന്ന ആത്മാവിനെ വീണ്ടെടുക്കുന്നതിനു നമ്മൾ അശക്യരാകുന്നു. ധനനഷ്ടവും ആരോഗ്യനഷ്ടവും ക്ഷണികമായിട്ടുള്ളതും, താരതമ്യേന നിസ്സാരവും പരിഹാൎയ്യവുമാകുന്നു. ആത്മാവിന്റെ നഷ്ടം നിത്യമായിട്ടുള്ളതും ഏതന്നിമിത്തം അപരിഹാൎയ്യവും ഭയങ്കരമായതുമാകുന്നു. ഒരു വസ്തു

വിന്റെ മാഹാത്മ്യം നമ്മൾ കണക്കാക്കുന്നതു സാധാരണ അതിന്റെ വിലയുടെ തോതനുസരിച്ചാണല്ലോ. ഈ വിധത്തിൽ വീക്ഷിക്കുന്നതായിരുന്നാൽ, മനുഷ്യാത്മാവിനോടു തുലനം ചെയ്യുവാൻ ഇഹത്തിൽ ഒന്നും കാണുകയില്ല. അതിനെ സൃഷ്ടിച്ച ദൈവത്തിനു മാത്രമെ അതിന്റെ വില ശരിയായി അറിയാവൂ. ആത്മാവിന്റെ രക്ഷക്കായി ക്രീസ്തു തന്റെ മഹത്വത്തെ സ്വൎഗ്ഗത്തിൽ വെച്ചുകൊണ്ടു ദുഃഖഭൂയിഷ്ഠമായ ഈ ഭൂമിയിൽ സംജാതനായി. മുപ്പത്തുമൂന്നു വത്സരം അവൎണ്ണനീയങ്ങളായ അരിഷ്ടതകളും പീഡകളും നിന്ദകളും അവിടുന്നു സഹിച്ചു; ഉപവസിച്ചു; പ്രാൎത്ഥിച്ചു, നമ്മുടെ ആത്മവിനെ രക്ഷിക്കുന്നതിനു ഒരു മാൎഗ്ഗമുണ്ടാക്കിത്തരുവാൻ ക്രീസ്തു കുരിശുമരണം പ്രാപിച്ചു. മനുഷ്യൻ ലോകമാസകലം നേടിയാലും അവന്റെ ആത്മാവു നഷ്ടപ്പെടുന്നുവെങ്കിൽ, അതുകൊണ്ടു അവനെന്തു ഫലമെന്നു ക്രീസ്തു ചോദിക്കുന്നു. മററുള്ള സകല സൃഷ്ടികളുടെയും വില നല്ലവണ്ണം ഗ്രഹിച്ചിട്ടുള്ള അവിടുന്നു, ഒരു മനുഷ്യനു അവന്റെ ആത്മാവിനുപകരമായി എന്തു കൊടുക്കാൻ സാധിക്കുമെന്നു വീണ്ടും ചോദിക്കുന്നു. അചിന്തകന്മാർ തങ്ങളുടെ ആത്മാവിനുപകരമായി മിക്കവാറും എന്തും സ്വീകരിക്കുന്നതിനു സന്നദ്ധത പ്രദൎശിപ്പിക്കുന്നവരായിട്ടാണു കാണുന്നതു്. നമ്മുടെശാരീരികേച്ഛാസിദ്ധിക്കും ക്ഷണികമായസമ്പത്തിനും, അല്പസുഖത്തിനുംവേണ്ടി നമ്മുടെ ആത്മാവിനെ പലപ്പോഴും പരിത്യജിക്കാറുണ്ടു്.

ബഹു ശ്രദ്ധയോടുകൂടി പരിപാലിച്ചുവരുന്ന നമ്മുടെ ശരീരം നിൎയ്യാണാനന്തരം പുഴുക്കൾക്കു ഇരയായി തീരുമ്പോൾ, ആത്മാവിന്റെ സ്ഥിതി എന്തായിരിക്കും.! ക്രീസ്തുവിൽനിന്നു തന്നെ ഉപദേശം ലഭിച്ച വിശുദ്ധ പൌലോസ്, തന്റെ ശരീരത്തെ പീഡിപ്പിച്ചു ക്രമമായി സൂക്ഷിച്ചില്ലെങ്കിൽ, താൻ ബഹിഷ്കൃതനാകുമെന്നും, അപ്പസ്തോലന്മാരുടെ അധിപനായ വിശുദ്ധ പത്രോസ്, സൽകൃത്യങ്ങളാൽ നമ്മുടെ സ്വൎഗ്ഗപ്രാപ്തി സുനിശ്ചിതമാക്കണമെന്നും, ഭയത്തോടും വിറയലോടുംകൂടി ആത്മരക്ഷക്കുവേണ്ടി സൎവ്വാത്മനാ അദ്ധ്വാനം ചെയ്യണമെന്നും ഉൽഘോഷിക്കുന്നു. പത്രോസ് പൌലോസ് എന്നീ അപ്പസ്തോലന്മാരും മററുപരിശുദ്ധന്മാരും പ്രവൎത്തിച്ചതുപോലെ, അവരെ അനുകരിക്കുന്നതിനു നമുക്കു ധൈൎയ്യമില്ലെങ്കിലും നമ്മുടെ സകല ഭൌമിക പരിശ്രമങ്ങളിലുംവെച്ചു ആത്മരക്ഷയുടെ കാൎയ്യത്തിനു പ്രാഥമികസ്ഥാനം നല്കേണ്ടതാണെന്നു സ്വയം വിശദമാകുന്നുണ്ടല്ലോ. ആകയാൽ, സാത്താനെ സംത്യജിച്ച ദൈവത്തോടു വിശ്വസ്തരായിരിക്കയും, തന്റെ നിസ്സീമാനുഗ്രഹംമൂലം ദോഷത്തിൽനിന്നകന്നുഅനന്തമായപാരത്രിക സൌഭാഗ്യം കരസ്ഥമാക്കുകയും ചെയ്യേണ്ടതു നാമേവരുടെയും സൎവ്വപ്രധാനവും അനിഷേധ്യവുമായ ചുമതലയാണെന്നുള്ളതു നിൎവ്വിവാദംതന്നെ.

# വിശുദ്ധരുടെ അന്യോന്യബന്ധം.

(ശ്രീമാൻ കുര്യാക്കോസു കൊട്ടകാരം ബി. ഏ.)

തിരുസഭയ്ക്കു മൂന്നു വിഭാഗങ്ങൾ ഉണ്ടെന്നും, അവ, "ഭൂമിയിൽ യുദ്ധത്തിലിരിക്കുന്ന സഭ, ശുദ്ധീകരസ്ഥലത്തിൽ വേദനയനുഭവിക്കുന്ന സഭ, സ്വൎഗ്ഗത്തിൽ ഭാഗ്യം അനുഭവിക്കുന്ന സഭ" എന്നിവയാണെന്നും, ഈ മൂന്നു വിഭാഗങ്ങളും തമ്മിൽ അവിഭാജ്യമായ ഒരു ബന്ധം എപ്പോഴും നിലനിൽക്കുന്നുണ്ടെന്നുമാണു് വിശ്വാസപ്രമാണത്തിൽ കാണുന്ന "പുണ്യവാന്മാരുടെ ഒരുമ്പാ

ട്” എന്ന വേദസത്യത്തിൽ നിന്നും നാം മനസ്സിലാക്കേണ്ടതു്.

ഭൂമിയിലുള്ള സഭയെ “യുദ്ധത്തിലിരിക്കുന്ന സഭ”യെന്നു നാമകരണം ചെയ്യുന്നു. ലോകത്തോടും, പിശാചിനോടും സദാ തിരുസഭ പോരാടിക്കൊണ്ടിരിക്കുന്നതിനാലത്രെ ഈ സംജ്ഞ സഭയ്ക്കു സിദ്ധമായതു്. ഭൂമിയിലുള്ള സഭാംഗങ്ങൾ തമ്മിൽ എപ്പോഴും സംസർഗ്ഗവും യോജിപ്പുമുണ്ടു്. നാം ഒരേ ക്രൂദാശകളെ സ്വീകരിക്കുകയും ഒരേ തലവനാൽ ഭരിക്കപ്പെടുകയും,സൽപ്രവൃത്തികളാലും പ്രാർത്ഥനകളാലും പരസ്പരം സഹായബന്ധത്തിൽ കഴിഞ്ഞുകൂടുകയും ചെയ്യുന്നു. ശ്ലീഹാ സഹായാർത്ഥികളായ “യറുശലേം” വിശ്വാസികളെ സഹായിക്കണമെന്നു ‘ഗാലത്തായക്കാ’ർക്കെഴുതിയ ലേഖനത്തിൽ പ്രത്യേകം സൂചിപ്പിച്ചിരുന്നതു് ഈ ബന്ധത്തെ അടിസ്ഥാനപ്പെടുത്തിയാണെന്നു വേദശാസ്ത്രികൾ വ്യാഖ്യാനിക്കുന്നു. (2. Cor. VIII, 14) ദൈവം തന്റെ ജനത്തെ അവരിലുള്ള തിന്മ നിമിത്തം നശിപ്പിക്കാതിരിക്കുന്നതു് അവരിലുള്ള നല്ലയാളുകളെപ്രതിയാണെന്നു വേദപാരഗന്മാർ സമർത്ഥിക്കുന്നുണ്ടല്ലോ. പരിശുദ്ധനായ ‘ജോബി’ന്റെ സ്നേഹിതന്മാരോടു ദൈവം ക്ഷമിച്ചതു് ജോബിന്റെ പ്രാർത്ഥനകൾ നിമിത്തവും, തെരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ നേർക്കു് ദൈവത്തിനുണ്ടായ കോപാഗ്നി ശമിക്കുന്നതിനിടയായതു് ദാവീദു മുഖാന്തിരവുമാണെന്നു പഴയ നിയമം സാക്ഷിക്കുന്നുണ്ടു്. ഭൂമിയിലുള്ള തിരുസഭാംഗങ്ങൾ വിദൂരസ്ഥലനിവാസികളെങ്കിലും പ്രബലങ്ങളായ പല കാരണങ്ങളാലും തമ്മിൽ ദൃഢമായ ഐക്യതയിലും പരസ്പരബന്ധത്തിലുമാണു കഴിഞ്ഞുകൂടുന്നതു്.

തിരുസഭയുടെ രണ്ടാമത്തെ വിഭാഗം, അഥവാ, “വിശുദ്ധന്മാരുടെ സംസർഗ്ഗ”ത്തിന്റെ രണ്ടാമത്തെ അംഗം ശുദ്ധീകരസ്ഥലത്തിൽ വേദനയനുഭവിക്കുന്നസഭയത്രെ. ശുദ്ധീകരണസ്ഥലത്തിലുള്ള ആത്മാക്കളെ ഭൂമിയിലുള്ള സഭാംഗങ്ങൾ പലവിധത്തിലും സഹായിക്കുന്നുണ്ടു്. “പരിശുദ്ധാരൂപി എല്ലാ അംഗങ്ങളിലും വസിക്കുന്നു”വെന്നു ശ്ലീഹാ പറയുന്നു. ഇഹത്തിൽ ജീവിക്കുന്ന നമുക്കു ശുദ്ധീകരസ്ഥലത്തിലുള്ള നമ്മുടെ സഹോദരീസഹോദരന്മാരെ നമ്മുടെ പ്രാർത്ഥനകളാലും സൽപ്രവൃത്തികളാലും സഹായിപ്പാൻ പാടുണ്ടു്. യഹൂദന്മാർപോലും ഇതു പ്രായോഗികവും സുസാദ്ധ്യവുമാണെന്നു കരുതിയിരുന്നു. “യൂദാമക്കബായാ” പോർക്കളത്തിൽ വച്ചു മൃതിയടഞ്ഞവർക്കുവേണ്ടി ബലി സമർപ്പിച്ചിരുന്നതായി പറയപ്പെടുന്നു. ദിവ്യപൂജയുടെ അവസാന ഘട്ടത്തിൽ മരിച്ചവർക്കുവേണ്ടി പ്രത്യേക പ്രാർത്ഥനകൾ സമർപ്പിക്കുന്നതു് പ്രസ്തുത പ്രാർത്ഥനകൾകൊണ്ടു് ശുദ്ധീകരസ്ഥലത്തിലുള്ള ആത്മാക്കൾക്കു നിരവധി നന്മകൾ സിദ്ധിക്കുമെന്നുള്ളതിനാലാണല്ലോ. വി. അഗസ്റ്റീനോസു് പറയുന്നു. “സ്വർഗ്ഗവാതിലുകളെ ശുദ്ധീകരസ്ഥലാത്മാക്കൾക്കായി തുറക്കുന്ന താക്കോലത്രെ പ്രാർത്ഥന.” ജീവിച്ചിരിക്കുന്നവരുടെ പ്രാർത്ഥനകൾ, ധർമ്മപ്രവൃത്തികൾ, മററു സൽകൃത്യങ്ങൾ എന്നിവയും ദിവ്യപൂജയുടെ സമർപ്പണങ്ങളും ശുദ്ധീകരാത്മാക്കളുടെ വേദനയെ ശമിപ്പിക്കുന്നതിനു ഏററം പര്യാപ്തങ്ങളായിട്ടുള്ളവയാണു്.

അടുത്തതായി,വിശുദ്ധന്മാരുടെ അന്യോന്യബന്ധത്തിന്റെമൂന്നാമത്തെവിഭാഗമായ സ്വർഗ്ഗസ്ഥസഭയെപ്പററിയാണു്അല്പം പ്രസ്താവിക്കാനുള്ളതു്. സ്വർഗ്ഗത്തിലുള്ള വിശുദ്ധന്മാർക്കു് ദൈവതിരുസിംഹാസനത്തിൻ മുമ്പിലുള്ള അവരുടെ പ്രാർത്ഥനകളാൽ നമ്മെ സഹായിക്കാൻ കഴിയുന്നു. നാം സ്വർഗ്ഗസ്ഥരായ വിശുദ്ധന്മാരുടെ മാദ്ധ്യസ്ഥം അപേക്ഷിക്കുമ്പോൾ, അവർ അവരുടെ ശക്തിയേറിയ പ്രാർത്ഥനകളോടു യോജിപ്പിക്കുന്നുവെന്നത്രെ തിരുസഭ പഠിപ്പിക്കുന്നതു്. അവരുടെ മാദ്ധ്യസ്ഥം വളരെ ഫലപ്രദമായിട്ടുള്ളതാണെന്നുള്ളതിനു പക്ഷാന്തരമില്ല തന്നെ. വിശുദ്ധന്മാരുടെ ശക്തി അത്ഭുതങ്ങൾ വഴിയായി പലപ്പോഴും നമുക്കനുഭവപ്പെടാറുള്ളതാണല്ലോ. സ്വർഗ്ഗസ്ഥരായ നമ്മുടെ ബന്ധുമിത്രാദികളും നമുക്കുവേണ്ടി പ്രാർത്ഥിക്കുകയും പല ആപത്തുകളിൽനിന്നു നമ്മെ രക്ഷിക്കുകയും

ചെയ്യുന്നുണ്ട്. വിശുദ്ധന്മാരെല്ലാവരും ഇഹത്തിൽ ജീവിച്ചിരുന്ന ഘട്ടത്തിൽ സ്വൎഗ്ഗസ്ഥരായ പുണ്യവാന്മാരോടുള്ള പ്രാൎത്ഥന ഫലപ്രദവും ശക്തിയേറിയതുമാണെന്നു അവരുടെതീഷ്ണതയേറിയപ്രാൎത്ഥനകൾ വഴിയായി നമുക്കു കാണിച്ചു തന്നിട്ടുണ്ട്. വിശുദ്ധ ജെറേമിയാസ് യഹൂദജനങ്ങൾക്കുവേണ്ടി പരസ്യമായി പ്രാൎത്ഥിച്ചിരുന്നതായി കാണുന്നു. വി. അഗസ്റ്റീനോസ് തന്റെ മാതാവായ മോനീക്കായുടെ മരണാനന്തരം പുണ്യവഴിയിൽ വളരെ അഭിവൃദ്ധിപ്പെട്ടതായും കാണുന്നുണ്ട്. സ്വൎഗ്ഗസ്ഥരായ പുണ്യാത്മാക്കൾ ശുദ്ധീകരണസ്ഥലത്തിലുള്ളആത്മാക്കളേയും സഹായിക്കുന്നുണ്ടെന്നു നമുക്കു ന്യായമായി വിശ്വസിക്കാം. പരിശുദ്ധ കന്യാസ്ത്രീ മറിയം തന്റെ അമൂല്യങ്ങളായ പ്രാൎത്ഥനകളാൽ നിരവധി ആത്മാക്കളെ സ്വൎഗ്ഗപ്രാപ്തരാക്കുന്നുണ്ട്. ഇപ്പോൾ സ്വൎഗ്ഗീയ പൂന്തോട്ടത്തിൽ വികസിച്ചു നില്ക്കുന്ന വിശിഷ്ട പുഷ്പങ്ങളായ വിശുദ്ധന്മാരും വിശുദ്ധകളും ഇഹത്തിൽവച്ചു പരിശുദ്ധ കന്യകമറിയത്തിന്റെ പ്രത്യേക ഭക്തന്മാരും ഭക്തകളുമായിരുന്നു. വി. പത്രോസ് ഡാമിയൻ എന്ന ദേഹം പരിശുദ്ധ കന്യകമറിയത്തിന്റെ മാദ്ധ്യസ്ഥതയിൽ സുദൃഢമായി വിശ്വസിക്കയും ആ പരമനായികയുടെ സകലതിരുനാളുകളിലും പ്രത്യേകം എല്ലാ ശനിയാഴ്ചകളിലും ആ ത്രിലോകരാജ്ഞിയോട് വിശേഷഭക്തിബഹുമാനങ്ങൾ പരസ്യമായി പ്രദൎശിപ്പിക്കയും ചെയ്തുവന്നിരുന്നു. വിശുദ്ധന്മാരെക്കൂടാതെ, നമ്മുടെ കാവൽ ദൂതന്മാരും നമ്മെ എപ്പോഴും സഹായിക്കയും, നമുക്കു നേരിടാവുന്ന പല ആപത്തുകളിൽനിന്നു നമ്മെ രക്ഷിക്കയും ചെയ്യുന്നുണ്ടെന്നുള്ളത് അവിതൎക്കിതമായ ഒരു സംഗതിതന്നെയാണ്.

മേൽ പ്രസ്താവിച്ചപ്രകാരം തിരുസഭയുടെ മൂന്നു ശാഖകളും തമ്മിൽ അവിഭാജ്യവും സുദൃഢവുമായ ഒരു ബന്ധം സദാ നിലനിന്നുവരുന്നുണ്ട്. ഈ ബന്ധത്തെയാണ് "പുണ്യവാന്മാരുടെ ഒരുമ്പാട്" എന്ന വേദസത്യം സൂചിപ്പിക്കുന്നത്.

# ഹന്നാൻവെള്ളം.

(തുടർച്ച.)

(റവ. ഫാദർ അഗസ്റ്റിൻ ചങ്ങനാശേരി.)

പാശ്ചാത്യരാജ്യങ്ങളിലെ മിക്ക പുരാതന ദേവാലയങ്ങളുടെയും മുൻവശത്തു മിററത്ത്, വിസ്തൃതവും വളരെ പഴക്കവുമായ കൽത്തൊട്ടികൾകാണാൻകഴിയും. മററു രാജ്യങ്ങളെ അപേക്ഷിച്ച് ഇററലിയിൽ ഇവ കൂടുതലുണ്ടെന്നു പറയപ്പെടുന്നു. ഇന്ന് അവ നിരുപയോഗയോഗ്യങ്ങളും അവഗണിതങ്ങളുമായിരിക്കുന്നെങ്കിലും അവയുടെ പ്രാചീനതവും ശില്പവിദഗ്ദ്ധതയും അതീതകാലങ്ങളിലെ അവയുടെ പ്രാമാണ്യത്തെയും വൈശിഷ്ട്യത്തെയും വിളിച്ചറിയിക്കുന്നുണ്ട്. ആദിമക്രിസ്ത്യാനികൾ പൂൎവ്വാചാരമനുസരിച്ച്, പാദപ്രക്ഷാളനാദികൾനടത്തിയിരുന്നുവെന്ന് സുപ്രസിദ്ധചരിത്രകാരനായ എവുസേബിയസ് അഭിപ്രായപ്പെടുന്നു. ഒരിക്കൽ ക്രൈസ്തവകത്തോലിക്കലോകത്തിന് ഒരു മകുടമായി പരിലസിച്ചിരുന്നതും കാലാന്തരത്തിൽ കാലവൈപരീത്യത്താൽ, മഹമ്മദീയരുടെ ഒരു ആരാധനസ്ഥലം (Mosque) ആയി പരിവൎത്തനം ചെയ്തിട്ടുള്ളതുമായകൊൺസ്റ്റാൻറിനോപ്പിളിലെ വി. ബോധജ്ഞാനത്തിന്റെ പള്ളിയെക്കുറിച്ച് കേൾ

ക്കാത്തവർ അധികമുണ്ടാകുമെന്നു തോന്നുന്നില്ല. അവിടെയുള്ള വെള്ളത്തൊട്ടി (Water font) യിന്മേൽ മുമ്പോട്ടും പിമ്പോട്ടും അർത്ഥഭേദം വരാതെ വായിക്കത്തക്കവണ്ണം ഒരുവാചകം ഗ്രീക്കഭാഷയിൽ എഴുതീട്ടുണ്ട്. അതിൻെറ സാരം ഇപ്രകാരമാണ്. "മുഖങ്ങളെയല്ല, നിങ്ങളുടെ ഹൃദയങ്ങളെ കഴുകുവിൻ."

തിരുസഭയിൽ, ആദിമശതകങ്ങളിൽ, വിശുദ്ധ കുർബാന വിശ്വാസികൾക്ക് കൊടുത്തിരുന്നതു്, അവരുടെ വലതുകരങ്ങളിൽ ആയിരുന്നു. തന്നിമിത്തം, മേല്പറഞ്ഞ കുളങ്ങൾ ആവശ്യമായിരുന്നു. "Let the hand be clean that holds, and the heart be pure that receives the sacred body of Christ". (St. Jerome). അജ്ഞാനികളുംമതാനുഷ്ഠാനത്തിൽ,ജലം ഉപയോഗിച്ചിരുന്നുവെന്നു്, വിർജിൽ ഓവിഡ് ആദിയായവർ ഘോഷിക്കുന്നു. ശവസംസ്കാരകർമ്മങ്ങളിൽ സംബന്ധിക്കുന്ന വൈദികരും ലൗകികരും, മൃതൻെറ കുടുംബ സാമഗ്രികളും വെള്ളത്താൽ ശുദ്ധീകരിക്കണമെന്നു് മോശ ഇസ്രായേലിനോടു അജ്ഞാപിച്ചിരുന്നു. അല്ലാത്തവർ അശുദ്ധരായി ഗണിക്കപ്പെട്ടിരുന്നു. ചുവന്ന പശുവിനെ ബലികഴിച്ച് കിട്ടുന്ന ചാമ്പലും വെള്ളവും കൂട്ടിച്ചേർത്തായിരുന്നു ഈ ജലം നിർമ്മിക്കപ്പെട്ടിരുന്നതു. (സംഖ്യ, ൧൯. അ. 1- 13- വരെ) പുറജാതികളുടെ ഇടയിൽ ഒരു വെറും ബാഹ്യാചാരവും, ഇസ്രായേലിൻെറ ഒരു ദൈവനിർദ്ദിഷ്ടചടങ്ങും ആയിരുന്നതു, തിരുസഭയിൽ പരിശുദ്ധവും, പാപവിനാശകവും ആയ ഒരു കർമ്മമായി പരിവർത്തനം ചെയ്യുകയാണു ചെയ്തിട്ടുള്ളതു്.

എന്നാൽ, ൯-ാം ശതകത്തിൽ, വി. കുർബാന കൈയ്യിൽ കൊടുക്കുന്ന പതിവ് നിർത്തലാക്കിയതു നിമിത്തം, ഏതാദൃശ കുളങ്ങളുടെ ആവശ്യവും നിന്നുപോയി. ഇപ്പോൾ നിലവിലിരിക്കുന്ന "ഹന്നാൻവെള്ള പ്രസ്ഥാനം" എന്നാണ് ആവിർഭവിച്ചതെന്നു്, ഖണ്ഡിതമായി പറയാൻ തരമില്ല. സുവിശേഷകനായ വി. മത്തായിയാണ് ഇതിൻെറ ജനയിതാവെന്നു് പ്രസിദ്ധ ചരിത്രകാരനായ ഫൊർനീച്ചി പറയുന്നു. ഒന്നാമത്തെ അലക്സണ്ഡർ പാപ്പാ ഏതൽസംബന്ധമായി പഠിപ്പിച്ചിരുന്നതായി പറയപ്പെടുന്നുണ്ടു്. ഉദ്ദേശത്തിലും, പ്രകൃതിയിലും, പ്രസ്ഥാനത്തിനു് ഗണ്യമായമാററം നേരിട്ടതിനാൽ കുളത്തിൻെറ ആസ്ഥാനത്തിനും, ആകൃതിക്കും സാരതര മാററങ്ങൾ വന്നുകൂടി. തന്നിമിത്തം, തൊട്ടി ചെറുതാകയും, സ്ഥാനം മിററത്തുനിന്നു് മുഖവാരത്തു് ആനവാതലിൻെറ വലത്തുഭാഗത്തും, പിന്നീടു ഉള്ളിലും,ഒടുവിൽ ഇന്നത്തെപ്പോലെ അകത്തെ ചുവരിന്മേലുംആയിത്തീരുകയുംചെയ്തു.ഹന്നാൻ വെള്ളം, അഥവാ തീർത്ഥജലം സാധാരണയെന്നും അസാധാരണയെന്നും രണ്ടു തരമുണ്ടു്. ആദ്യത്തേതു് ആവശ്യപ്പെടുമ്പോഴൊക്കെ ഉണ്ടാക്കാമെന്നിരുന്നാലും, ഞായറാഴ്ച വികാരിക്കുർബാനക്കു മുൻപ് ബ. വികാരിയൊ, ഉച്ചക്കുർബാന ചൊല്ലുന്നയാളൊ ആണ് ഇതു നിർവ്വഹിക്കേണ്ടതു്. ഉപ്പും, വെള്ളവും മാത്രമാണ് ഇതിനാവശ്യപ്പെട്ടവ. പാപംമൂലം മനുഷ്യനോടുകൂടെ സമസ്ത സൃഷ്ടികളും ദൈവശാപത്തിനു് വിഷയീഭവിച്ചതിനാൽ പിശാചിനു് ചരാചരങ്ങളുടെമേൽ കുറേയൊക്കെ ശക്തിയുള്ളതായും മനുഷ്യാപദവത്തിന്നായി അവയെ ദുരുപയോഗിക്കുന്നതായും, നാം കണ്ടുവരുന്നു. അതിനാൽ പ്രഥമതഃ പട്ടക്കാരൻചെയ്യുന്നതു് മേല്പറഞ്ഞ രണ്ടു വസ്തുക്കളെയും ആശീർവ്വദിച്ച് പൈശാചികാധീനതയിൽ നിന്നു് അവയെ വിമുക്തമാക്കി ശുദ്ധീകരിക്കയാണ്. മനുഷ്യശരീരത്തിൽ ഒരു നല്ലസ്ഥാനം ഉള്ളതും ആരോഗ്യത്തിന്നാവശ്യമായതും ചീച്ചിലിൽനിന്നു് പദാർത്ഥങ്ങളെ സംരക്ഷിക്കുന്നതുമായ ഉപ്പുതന്നെയാണ് ഈ കർമ്മത്തിനു പ്രധാനമായി വിഷയീഭവിക്കുന്നതു്. തദനന്തരം വെള്ളവും. ഭൗതികസംരക്ഷണത്തിനു് ഉപ്പിനുള്ള സ്ഥാനത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു നിലയാണ് ആദ്ധ്യാത്മിക സംരക്ഷണയിലും അതിനുള്ളതു്. "നിങ്ങൾ ലോകത്തിൻെറ ഉപ്പാകുന്നു"വെന്നു് ദിവ്യരക്ഷനാഥൻ ശ്ലേഷിതന്മാരോടു പറ

ഞ്ഞിട്ടുള്ളതും, ജ്ഞാനസ്നാനകർമ്മത്തിൽ ഉപ്പ് അവശ്യം ആവശ്യമായി ഉപയോഗപ്പെടുത്തി വരുന്നതും അതിൻെറ മാഹാത്മ്യത്തെ നല്ലതിൻവണ്ണം വിശദീകരിക്കുന്നുണ്ട്.

നോഹിൻെറ കാലത്തിലെ ലോകശുദ്ധീകരണത്തിന്നും, ക്രീസ്തുവിൻെറ ജ്ഞാനസ്നാനത്തിനും, യോഹന്നാൻ മാംദാനായുടെ മാമ്മോദീസായിക്കും, കാനായിലെ വിവാഹത്തിലും, ശിഷ്യന്മാരുടെ കാലുകഴുകലിനും, വിശേഷവിധിയായി ഉപയോഗപ്പെടുത്തീട്ടുള്ളത് വെള്ളംതന്നെ ആണല്ലൊ. ഈ സ്ഥാനത്താണ്, തിരുസഭാമാതാവ് ഹന്നാൻവെള്ളം നടപ്പിൽ വരുത്തീട്ടുള്ളതും. അത്, പിശാചുക്കളെ ഓടിക്കുന്നു, വസന്തയെ നശിപ്പിക്കുന്നു. ദുർവിചാരങ്ങളെയും പൈശാചിക പരീക്ഷകളേയും അകറ്റുന്നു. കാർഷികോപദ്രവികളായ ചാഴി, പുഴു, എലി മുതലായവയുടെ ഉപദ്രവങ്ങളിൽനിന്ന് കൃഷിയെ സംരക്ഷിക്കുന്നു. കുടുംബത്തിൽ സമാധാനബീജാവാപം ചെയ്യുന്നു. ആസന്ന മരണരെ സാത്താൻെറ വലയിൽനിന്നു പിടിച്ചു പറിക്കുന്നു. വേദപ്രചാരത്തിന്ന് വയലുകളെ ഒരുക്കിക്കൊടുക്കുന്നു.

---

# ചെറുപുഷ്പ സഹോദരികൾ.

## അമേരിക്കനായ ഫാദർ ഡോളൻെറ സന്ദർശനവിവരങ്ങൾ.

### VII.

### ഗെറിനുമായുള്ള സന്ദർശനം.

(റവ. ഫാദർ എജീദിയോസ് സി. ഡി.)

ചെറുപുഷ്പത്തിൻെറ മാതൃസഹോദരപുത്രിയും ഇപ്പോൾ ജീവിച്ചിരിക്കുന്നവളുമായ ജീൻഗെറിൻ എന്ന വനിതാരത്നത്തെ കണ്ട വിവരമാണ് ഇന്നു ഞാൻ നിങ്ങളോട് പറഞ്ഞറിയിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നത്. ചെറുപുഷ്പത്തിൻെറ അമ്മയുടെ പേർ ഗെറിൻ എന്നായിരുന്നു. അവളുടെ ഏക സഹോദരനു സംജാതമായ രണ്ടു പുത്രിമാരിൽ മൂത്തവളായ മരിയ ഒരു കർമ്മെല മഠാംഗമായി ജീവിതം കഴിക്കുകയും അധികകാലതാമസമെന്യേ ചരമഗതി അടയുകയും ചെയ്തു. രണ്ടാമത്തവൾ നമ്മുടെ ഇന്നത്തെ സംസാരവിഷയമായ ജീൻഗെറിൻ എന്ന മഹതിയാണ്. ഇവൾ ചെറുപുഷ്പത്തിൻെറ ചാർച്ചക്കാരി എന്നു തന്നെയല്ല സഹപാഠിയും കൂടെ ആയിരുന്നു. ചെറുപുഷ്പത്തെ അവളുടെ പഠനകാലം ആരംഭിച്ചതോടെ ബനദിക്ടോസു സഭക്കാരുടെ ഒരു വിദ്യാലയത്തിൽ അയക്കുന്നതിനു തീർച്ചപ്പെടുത്തുകയും അതിനായി താഴെ പറയുന്ന ഒരു ഏർപ്പാടു നടത്തുകയും ചെയ്തു. പിതാവായ മാർട്ടിൻെറ ഭവനത്തിലുള്ള വേലക്കാരികളിൽ ഒരാളോടുകൂടെ ചെറുപുഷ്പത്തെ മാതൃസഹോദരൻെറ ഭവനത്തിലേക്കു അയക്കുകയും അവർ അവിടെ എത്തുമ്പോൾ മരിയയും ജീനും അവളോടുകൂടെ ഒന്നിച്ചു ചേരുകയും, ഇങ്ങനെ അവർ മൂന്നു പേരുംകൂടി സ്കൂളിലേക്കു പോകുകയുമാണു പതിവ്. ആകയാൽ ഇന്നത്തെ നമ്മുടെ ചിന്താവിഷയമായ ഗെറിൻ ചെറുപുഷ്പത്തോടുകൂടെ ദിവസേന രാവിലെ സ്കൂളിലേക്കും വൈകുന്നേരം ഭവനത്തിലേക്കുമുള്ള യാത്രയിൽ സഹചരിച്ചവളാണ്. ഇതിനിടക്കു ഗെറിൻെറ ഭവനത്തിലേക്കു ചെറുപുഷ്പത്തെ കൂട്ടിക്കൊണ്ടുപോയ വേലക്കാരി

യേയും ഞാൻ കണ്ടുമുട്ടി. അവളുമായി ഒരു ദീൎഘസംഭാഷണം ഞാൻ നടത്തി. അവൾ ഒരു രസകരമായ സംഭവം എന്നെ പറഞ്ഞു കേൾപ്പിച്ചു. അതു ചെറുപുഷ്പത്തിന്റെ സ്വഭാവവിശിഷ്ടതയെ വേണ്ടുംവണ്ണം തെളിയിച്ചു കാണിക്കുന്നുണ്ടു്. അവൾ പറഞ്ഞതായതു്, "ഞാൻ ചെറുപുഷ്പവുമായി തെരുവിൽ കൂടി സഞ്ചരിക്കുകയിൽ അവിടെ വേല ചെയ്തിരുന്ന ആളുകളുടെ ഭക്തിരഹിതവും അസന്മാൎഗ്ഗവുമായ സംസാരം കേൾക്കുന്നതിനിടയായി. ചെറുപുഷ്പം (ഇതു് അദ്യപ്രാവശ്യമെന്നാണു് എനിക്കു തോന്നുന്നതു്) ഒരു ചെറിയ സുകൃതജപം ചൊല്ലിക്കൊണ്ടു് ഇപ്രകാരം എന്നോടു പറഞ്ഞു. 'ഈ സാധു കൂലിക്കാരുടെ ഹൃദയങ്ങളെ വിധിക്കുവാൻ നമുക്കു് വഹിയാ. അവൎക്കു, നമുക്കു് നൽകപ്പെട്ടിരിക്കുന്ന പ്രസാദവരമോ, നമുക്കു സിദ്ധിച്ചിരിക്കുന്ന ശിക്ഷാക്രമമോ ഇല്ല. അവരെക്കുറിച്ചു അനുശോചിക്കുകയല്ലാതെ, അവരെ ശാസിക്കുവാനോ കുറ്റപ്പെടുത്തുവാനോ പാടില്ലാ എന്നു ദൈവത്തിനുമറിയാം'.

സ്നേഹിതരേ! എത്ര ചെറുപ്പത്തിൽ തന്നെ ചെറുപുഷ്പം പരസ്നേഹം പരിശീലിക്കുവാൻ തുടങ്ങി എന്നു കണ്ടാലും!! പ്രസ്തുത പുണ്യം കാലാന്തരത്തിൽ അവളിൽ പരിപൂൎണ്ണത പ്രാപിച്ചു എന്നു അവളുടെ ജീവചരിത്രം ഒരാവൎത്തി വായിക്കുന്ന ഏവൎക്കും മനസ്സിലാക്കാവുന്നതാണു്. ഗ്വെരിൻ ചെറുപുഷ്പത്തിന്റെ സഹപാഠി ആയിരുന്നതുപോലെ തന്നെ അവളുടെ ചങ്ങാതിയും കൂട്ടുകളിക്കാരത്തിയുമായിരുന്നു. ഇളവു ദിവസങ്ങളിൽ മരിയയും ജീനുമായി ചെറുപുഷ്പം കടൽതീരത്തു പോകയും അവിടെ വളരെ നേരം വിനോദത്തിൽ ഏൎപ്പെടുകയും ചെയ്തിരുന്നു. ഗ്വെറിനുമായുള്ള സന്ദൎശന വിവരം പറയുന്നതിനു മുമ്പു് അവളേക്കുറിച്ചു ചെറുപുഷ്പം അവളുടെ സ്വയംകൃത ചരിത്രത്തിൽ പറയുന്ന ഒരു ഭാഗം ഉദ്ധരിച്ചുകൊള്ളട്ടേ. അതിന്റെ ഉദ്ദേശം പ്രസ്തുത ചരിത്രത്തിൽ ഗ്വെരിനെക്കുറിച്ചു പറയപ്പെട്ടിരിക്കുന്നതുകൊണ്ടുതന്നെയല്ലാ പിന്നെയോ ദൈവസ്നേഹത്തിലുള്ള അവളുടെ ശുഷ്കാന്തി എത്രമാത്രമെന്നു തെളിയിച്ചു കാണിക്കുവാൻ വേണ്ടിക്കൂടെയുമാണു്. പ്രസ്തുത ഭാഗം താഴെ ചേൎക്കുന്നു. "ഞാൻ ശിരോവസ്ത്രം ധരിച്ചതിന്റെ 8-ാംദിവസം ഞാൻ വളരെ സ്നേഹിച്ചിരുന്ന ഗ്വെറിൻ, ലാനീലേ എന്ന പുരുഷോത്തമനെ വരനായി സ്വീകരിച്ചു. അതിന്റെശേഷം ഞാനുമായുള്ള അവളുടെ അടുത്ത കൂടിക്കാഴ്ചയിൽ, അവളുടെ ഭൎത്താവിന്റെമേലുള്ള വണക്കവും ശ്രദ്ധയും എത്രമാത്രമെന്നു എനിക്കു മനസ്സിലാകുവാൻ ഇടയായി. ഉടനെ അതു നല്ലവണ്ണം എന്റെ മനസ്സിൽ പതിഞ്ഞു. ഞാൻ എന്റെ സ്നേഹവത്സലനുവേണ്ടി ചെയ്യുന്നതിനെക്കാൾ കൂടുതലായി ഒരു അൽമായ സ്ത്രീ അവളുടെ ഭൎത്താവിനുവേണ്ടി ചെയ്തു എന്നു വരുത്താൻ ഇടയാകരുതെന്നു് എന്റെ മനസ്സിൽ ഞാൻ ദൃഢമായി ഉറച്ചു് നവമായ ഭക്തിതീക്ഷ്ണതയോടുകൂടി എന്റെ സ്വൎഗ്ഗീയ മണവാളനെ- ഒരു ദൈവികസഖ്യതയിൽ എന്നെ ബഹുമാനിപ്പാൻ തിരുമനസ്സായ രാജാക്കളുടെ രാജനെ- ഇഷ്ടപ്പെടുത്തുന്നതിനായി ഞാൻ ഹാൎദ്ദവമായി പ്രയത്നിച്ചു."

ഒരു ദിവസം ചെറുപുഷ്പ കവറിട സൂക്ഷിപ്പുകാരനായ പിയറേയോടു ഞാൻ ഇപ്രകാരം ചോദിച്ചു. ഞാൻ—ചെറുപുഷ്പസഹോദരികളെക്കൂടാതെ അവളുടെ സംബന്ധക്കാരിൽ വല്ലവരും ഇവിടെ ജീവിച്ചിരിപ്പുണ്ടോ? പിയറെ—ഉവ്വ്, ജീൻഗ്വെറിൻ എന്നൊരു മഹതി ജീവിച്ചിരിപ്പുണ്ടു്. ഞാൻ—നിങ്ങൾക്കു അവളെ പരിചയമുണ്ടോ? പിയറെ—ഞങ്ങൾ തമ്മിൽ വളരെ പരിചയമാണു്. ഞാൻ—നിങ്ങൾക്കു എന്റെ കൂടെ വന്നു എന്നെ അവളുമായി ഒന്നു പരിചയപ്പെടുത്താമോ? ഉദാരമതിയായ പിയറെ അതിനു ഉടനടി സന്തോഷപൂൎവ്വം സമ്മതിച്ചു. അന്നുതന്നെ ഉച്ചതിരിഞ്ഞു മഠത്തിൽ നിന്നും വളരെ അകലെ അല്ലാതെ സ്ഥിതി ചെയ്തിരുന്ന ഗ്വെറിന്റെ വീട്ടിലേക്കു ഞങ്ങൾ പുറപ്പെട്ടു. ഞങ്ങൾ ഇരുവരും വാതിൽ മുറിയിൽ ചെന്നു മണിയടിച്ചു. ഉടൻ ഒരു വേലക്കാരി വന്നു ഞങ്ങളെ അകത്തേക്കു

കൂട്ടിക്കൊണ്ടുപോയി. ഹാ! എത്ര വിശാലമായ മുറികൾ! അവയുടെ മുൻവശത്തായി ഒരു വലിയ വരാന്ത. ഇതിൽക്കൂടി വേറൊരു സന്ദർശനമുറിയിലേക്ക് ഞങ്ങൾ കൊണ്ടുപോകപ്പെട്ടു. ഈ മുറി അതിവിശേഷമായി അലങ്കരിക്കപ്പെട്ടിരുന്നു. നിലത്തു എത്രയും വിശേഷവും നേത്രാനന്ദകരവുമായ പരവിതാനികൾ വിരിച്ചിരുന്നു. വളരെ വിലയേറിയതും ഭംഗിയുള്ളതുമായ പടങ്ങൾ ഭിത്തികളേ അലങ്കരിച്ചിരുന്നു. എന്തിനധികം, നോർമണ്ടിയിലുള്ള ഈ ചെറിയ പട്ടണത്തിൽ ഇത്ര മനോഹരമായ ഒരു വീടു കാണപ്പെട്ടുമെന്നു ഞാൻ സ്വപ്നേവി വിചാരിച്ചിരുന്നില്ല.

ഇവിടെ ഞങ്ങൾ വിശ്രമിച്ചിരിക്കുകയിൽ ഞാൻ പിയറേയോട്- ഈ ഇരു സഹോദരികളും തമ്മിൽ എന്തു വ്യത്യാസം. ജീൻഗെറിൻ സുഭിക്ഷതയിലും സുഖമായും കാലക്ഷേപം ചെയ്യുന്നു. ചെറുപുഷ്പം കർമ്മേല മഠത്തിലെ വിസ്താരം കുറഞ്ഞതും പാവപ്പെട്ടതുമായ ഒരു മുറിയിൽ ഒളിക്കപ്പെട്ട ജീവിതം നയിച്ചു. പിയറെ-ചെറുപുഷ്പം ഇപ്പോൾ ദൈവത്തിന്റെ സ്വർഗ്ഗീയാരമനയിലെ സകല സമ്പാദ്യവും കൈവശപ്പെടുത്തിയിരിക്കുന്നില്ലേ. ഞാൻ—ജീനും അപ്രകാരം തന്നെ സ്വർഗ്ഗരാജ്യത്തെ ഒരിക്കൽ കൈവശപ്പെടുത്തും. പിയറെ-ഉവ്വ്. എന്നാൽ ചെറുപുഷ്പത്തെപ്പോലെ ഉന്നതമായ ഒരു നിലയിലല്ലായിരിക്കും അവളുടെ സ്ഥാനം. ഞാൻ—എന്താ അവൾ സൽസ്വഭാവിയല്ലേ? അവളുടെ സമ്പത്തു അവളെ അഹങ്കാരിയും, ദുശ്ശീലയുമാക്കിത്തീർത്തോ? പിയറെ—ഓ.ഹോ, ഒരിക്കലുമില്ല. അവൾ സുശീലയും എളിമയുള്ളവളുമാകുന്നു. സാധുക്കളോടു ഇത്ര താല്പര്യമുള്ള വേറൊരാൾ ലിസിയിലില്ല. എന്തിനു; ഇപ്പോൾ തന്നെ നമുക്ക് അറിയാമല്ലോ. ഇപ്രകാരം ഞങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുകയിൽ അടുത്തു ഒരു തോട്ടത്തിൽ ഒരു ചെറിയ പെൺകുട്ടിയുമായി ഒരു കിഴവി നടക്കുന്നതു കണ്ടു് പിയറെ എന്നോട്—അതാ. അതാണ് ജീൻഗെറിൻ. ഞാൻ—ആ കുട്ടി ഏതാണ്? പിയറെ- അവളുടെ സ്നേഹഭത്താവിന്റെ മരണശേഷം അവൾ ദത്തെടുത്ത ഒരു അനാഥ പൈതലാണ്. ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുകയിൽ ഒരു വേലക്കാരി അടുത്തു ചെന്നു ഞങ്ങളുടെ വരവിനെ അറിയിച്ചു. അവൾ അതിവേഗം നടന്നു അകത്തേക്കു കയറി. എന്നാൽ ഉടൻ സന്ദർശനമുറിയിൽ വരാതിരുന്നതുകൊണ്ടു് ഞാൻ അതിശയിച്ചുകൊണ്ടു നിൽക്കുകയിൽ പിയറെ എന്നോടു്- അവൾ മുകളിലത്തെ മുറിയിൽ പോയി കണ്ണാടിയിൽ നോക്കി തലമുടി ചീകി ഭംഗിയാക്കുകയായിരിക്കും എന്നല്ലേ വിചാരിക്കുന്നതു്, എന്നു പറഞ്ഞ ക്ഷണത്തിൽ ആ വനിതാരത്നം ഞങ്ങളുടെ മുമ്പാകെ പ്രത്യക്ഷപ്പെട്ടു "ക്ഷമിക്കണമേ, ഈ സമയത്തു സന്ദർശകന്മാരെ ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. അതിനാൽ സന്ദർശനമുറിയിൽ വരുന്നതിനുചിതമായ വസ്ത്രമല്ല ഞാൻ ധരിച്ചിരുന്നതു്. ഇത്രയും താമസിപ്പിച്ചതിനു ക്ഷമായാചനം ചെയ്യുന്നു" എന്നു പറഞ്ഞു.

ഗെറിൻ ഒരു രൂപലാവണ്യമുള്ള സ്ത്രീരത്നമാണ്. ഏകദേശം 60 വയസ്സു കാണും. മെലിഞ്ഞവളും ഹ്രസ്വകായയുമാണ്. തലമുടിയിൽ ചെമ്പുരേഖ വീശിത്തുടങ്ങിയിരിക്കുന്നു. കണ്ണുകൾ രണ്ടും പ്രകാശമുള്ളതുകൾ തന്നെ. വയസ്സു ചെന്ന സ്ത്രീകളുടേതുപോലെ മുഖത്തു ചുളുക്കമോ ചുളിച്ചിലൊ ഇല്ല. അവളുടെ വസ്ത്രം കൃഷ്ണവർണ്ണമായിരുന്നു. അവളുടെ പ്രവർത്തനാരീതി വളരെ വിശേഷവും ആമോദകരവും തന്നെ. ഉടൻ പിയറെ, ഞാൻ ഒരമേരിക്കനാണെന്നും ചെറുപുഷ്പസഖ്യത്തിന്റെ ഡയറക്ടർ സ്ഥാനം ഞാനാണ് വഹിക്കുന്നതെന്നും, അമേരിക്കയിൽ ചെറുപുഷ്പഭക്തി പരത്തുകയാണ് എന്റെ സർവ്വപ്രധാനമായ ജോലി എന്നും പറഞ്ഞു് എന്നെ അവളുമായി പരിചയപ്പെടുത്തി. അവൾ പിയറെയേ അനുമോദിച്ചശേഷം പറഞ്ഞതായതു്-ഹാ എത്ര മഹനീയമായ ജോലി. (ഈ വാക്കുകൾ തന്നെയാണ് സെലിനും ഉപയോഗിച്ചതു്) ഉടനെ ഞാൻ-ചെറുപുഷ്പത്തിന്റെ മാതൃസഹോ

ദരപുത്രിയെന്നു തന്നെയല്ല അവളുടെ കൂട്ടുകളിക്കാരത്തിയുമായ നിങ്ങളെ കാണുവാൻ വന്നതു് ജിജ്ഞാസകൊണ്ടല്ല. പിന്നെയോ ഞാൻ നിർമ്മിക്കുവാൻപോകുന്ന പുസ്തകത്തിൻെറ പൂർണ്ണതയ്ക്കായി നവമായ ചില സംഗതികൾ ചോദിച്ചറിയുവാൻ ആണു് വന്നതു്. ഇതിനായി ചെറുപുഷ്പ സഹോദരികളേ ഞാൻ സന്ദർശിച്ചു കഴിഞ്ഞിരിക്കുന്നു. ഉടനേ അവൾ— ഓ അച്ചൻ അവരെ കണ്ടല്ലോ. അവർ എല്ലാം പറഞ്ഞു തന്നുകാണുമല്ലോ. ഇനിയും ഞാൻ ഒന്നും പറയണമെന്നില്ല എന്നിരുന്നാലും അച്ചൻ ചോദിക്കുന്നതിനു മറുപടി പറയുവാൻ തയാറാണു്.

ഞാൻ— ചെറുപുഷ്പവും നിങ്ങളും ബാലികകൾ ആയിരുന്നപ്പോൾ കളികൾ നടത്തീട്ടില്ലയോ?

ഗ്വറിൻ— ഓഹോ ആയിരം പ്രാവശ്യം. (ചൂണ്ടികാണിച്ചുകൊണ്ടു്) അതാ ആ തോട്ടത്തിൽ.

ഞാൻ— അവൾ വല്ല സ്വഭാവക്കേടുകൾ കാണിച്ചിട്ടുണ്ടോ?

ഗ്വറിൻ— ഒരിക്കലുമില്ല. അവൾമൂന്നു വയസ്സായിരിക്കുമ്പോഴാണു് ലിസ്യൂയിൽ വന്നതു്. എനിക്കു് അറിവുള്ളകാലത്തോളം അപ്രകാരമൊന്നും സംഭവിച്ചതായി എനിക്കു് ഓർമ്മയില്ല. സ്വഭാവക്കേടുകളേ പ്രത്യക്ഷമാക്കുന്നതിനു അവൾക്കു് നല്ലവണ്ണം അറിയാമായിരുന്നു. ഇതു അവളുടെ സ്വയം കൃതചരിത്രത്തിൽ ഏററു പറയുന്നുമുണ്ടു്. അതെല്ലാംഅവളുടെ മാനസാന്തരത്തിനു മുമ്പു നടന്നതാണു്. മാനസാന്തരം നടന്നതു നാലാമത്തേ വയസ്സിലാണല്ലോ.

ഞാൻ— അവൾ മററു കുട്ടികളേപ്പോലെ ശുഷ്കാന്തിയോടും മുഴുമനസ്സോടും കൂടിയാണോ കളിച്ചിരുന്നതു്?

ഗ്വറിൻ— നിശ്ചയമായിട്ടും; ഞാൻ അവളേക്കാൾ സ്വല്പം പ്രായംകൂടിയവളായിരുന്നതിനാൽ എൻെറ കൂടെ അവൾ അധികനേരം കളിക്കാതെ എൻെറ സഹോദരിയായ മരിയയോടുകൂടെയാണു് വളരെനേരം കളിച്ചിരുന്നതു്. എന്നാൽ ശേഷം കുട്ടികളേപ്പോലെ ചെറുപുഷ്പമോ മരിയായോ കളിയിൽ അധികം ആസക്തി പ്രദർശിപ്പിച്ചിരുന്നില്ല.

ഞാൻ— അവൾ കളിക്കാതിരുന്ന സമയത്തു തോട്ടത്തിൽ എന്തു ജോലിഎടുക്കുകയായിരുന്നു?

ഗ്വറിൻ- അവൾ എല്ലായിപ്പോഴും കളിനടത്തിയിരുന്നു. പക്ഷേ അവയെല്ലാം ഭക്തവിഷയമായിരുന്നു എന്നേയുള്ളു. അവർ വനവാസികളേപ്പോലെ തോട്ടത്തിൽ ചെടികളുടെ ഇടയിൽ കണ്ണടച്ചിരിക്കുക, നമസ്കരിക്കുക, കുർബാന ചൊല്ലുക, വാഴകൊടുക്കുക, വേസ്പെര നടത്തുക മുതലായതായിരുന്നു അവരുടെ ജോലി. ഞാൻ-അവൾ ഗൌരവത്തോടും ഗാംഭീര്യത്തോടുംകൂടെയാണോ അവയെ നടത്തിയിരുന്നതു്?

ഗ്വരിൻ- അതേ, ആ ഭക്തകൃത്യങ്ങൾ നടത്തിയിരുന്നപ്പോൾ അവർ ഒരിക്കലും ഭാവഭേദം കാണിച്ചിരുന്നില്ല. എല്ലായ്പ്പോഴും സന്തോഷ ചിത്തകളായിരുന്നു. ചെറുപുഷ്പം ഒരിക്കൽപോലും ദുഃഖിതയായി കാണപ്പെട്ടിരുന്നില്ല. എൻെറ പിതാവു അവളേ ‘എൻെറ സൂര്യപ്രകാശകതിരു,’ എന്നാണു് വിളിച്ചിരുന്നതു്. സാക്ഷാൽ അവൾ പുഞ്ചിരി തൂകുമ്പോൾ അപ്രകാരം തന്നെയായിരുന്നു. ഇപ്രകാരമൊരു മന്ദഹാസം അതേ മനോഹരമന്ദഹാസം, ഞാൻ ഒരിക്കലും കണ്ടിട്ടില്ല. അവൾ എല്ലായിപ്പോഴും ആലോചനയുള്ളവളായിരുന്നു. സദാ ഏതോ ഒരു കാര്യത്തേക്കുറിച്ചുള്ള ഗാഢമായ ആലോചനയിൽ അവൾ മുഴുകിയിരുന്നതായി ഏവർക്കും കാണപ്പെട്ടിരുന്നു.

(തുടരും.)

### ൧൧൦൫ൽ ചിങ്ങമാസത്തിലെ തിരുഹൃദയസഭക്കാരുടെ

# പൊതുനിയോഗം.

## മിതഭക്ഷണം.

മനുഷ്യൻ ജീവിക്കുന്നതിനായി ഭക്ഷിക്കുന്നുവെന്നല്ലാതെ, ഭക്ഷിക്കുന്നതിനായി ജീവിക്കുന്നുവെന്നുവന്നാൽ അവൻ മൃഗത്തോടു തുല്യനായിത്തീരുകയാണു ചെയ്യുന്നതു്. നിങ്ങൾ ഭക്ഷിച്ചാലും പാനംചെയ്താലും എന്തുചെയ്താലും ദൈവസ്തുതിയ്ക്കായി ചെയ്യുവിൻ എന്നു വി. പൌലോസ് ഉപദേശിക്കുന്നു. ഇതിനാൽ വാസ്തവത്തിൽമൃഗീയമായ ഈ പ്രവൃത്തികളെ ശുദ്ധീകരിക്കേണ്ടതു നമ്മുടെ മേല്പെട്ട നിയോഗങ്ങൾ വഴിയായിട്ടാണു്. എന്നാൽ ഇതിനുപകരമായി ആത്മത്തെയും ദൈവത്തെയും മറന്നു് ശരീരസുഖേച്ഛകളെമാത്രം തേടി, അമിതമായ ഭക്ഷണപാനീയങ്ങൾക്കായി തങ്ങളുടെ ജീവനെ ബലികഴിക്കുന്നവരെപ്പററി എന്താണു പറയേണ്ടതു്? വി. അപ്പസ്തോലൻ സാക്ഷിക്കുന്നതുപോലെ അവരുടെ വയറു് അവരുടെ ദൈവമാകുന്നു. അതിനെ പ്രസാദിപ്പിക്കുന്നതിനുവേണ്ടി എന്തും ചെയ്വാൻ അവർ തയാറുണ്ടു്. അവർ മൃഗങ്ങളെക്കാൾ ഹീനമായിത്തീരുന്നു എന്നു വി. ക്രിസോസ്തോമോസ് അഭിപ്രായപ്പെടുന്നു. അതേ, അമിതമായ ഭോജനപ്രിയത്തിലും മദ്യപാനത്തിലും തഴങ്ങുന്നവൻ, അവന്റെ ശരീരത്തിന്റെ ശക്തി നശിപ്പിക്കയും, ബോധത്തെ ക്ഷീണിപ്പിക്കയും, മനസ്സാക്ഷിയെ മന്ദിപ്പിക്കയും, ഇങ്ങനെ മൃഗത്തേക്കാൾ നികൃഷ്ടമായ ഒരു ജീവിതം നയിക്കുകയും ചെയ്യുന്നു. ബോധരഹിതനായി അവൻ പറയുന്ന ദൈവദൂഷണങ്ങളും, ചെയ്യുന്ന ലജ്ജാവഹമായ കൃത്യങ്ങളും എത്രപേരുടെ നാശത്തിനു കാരണമായിത്തീരുന്നു. അവൻ വ്യർത്ഥമായി നശിപ്പിച്ച സമയവും ധനവും, കീർത്തിയും എത്ര കുടുംബങ്ങളെ വഴിയാധാരമാക്കുന്നു? എത്ര സന്താനങ്ങളെ ദൈവഭയവും നല്ലവളർത്തലും കൂടാതെ നഷ്ടപ്പെടുത്തുന്നു? എത്രയാളുകളെ ഇവന്റെ ദുർമ്മാതൃക നരകശത്രുവിന്റെ ഭയങ്കരകണികളിലേക്കു വലിക്കുന്നു? കടശി നിത്യനാശത്തിൽ അവനും അവസാനിക്കയും ചെയ്യുന്നു.



ഈ വിധ സുഖഭോഗങ്ങളിൽ കാലം കഴിച്ച ആ സമ്പന്നൻ നരകപാതാളത്തിൽ ദാഹിച്ചു വലയുകയിൽ ലാസർ സ്വർഗ്ഗീയഭവനത്തിൽ പരമാനന്ദം അനുഭവിക്കുന്നതു കണ്ടു്, ഒരു തുള്ളിവെള്ളമെങ്കിലും കിട്ടുന്നതിനു അപേക്ഷിച്ചതായി സുവിശേഷത്തിൽ പറയുന്നു. ഇല്ല, കിട്ടിയില്ല. അവന്റെ സുഖാനുഭവങ്ങളെല്ലാം ഈ ലോകത്തിൽ വച്ചു കഴിഞ്ഞുപോയി. ഇനി കാലാകാലത്തോളം അവൻ ദാഹിക്കുകതന്നെ വേണം. ഇത്ര ഭയങ്കരനാശങ്ങൾക്കു കാരണമാകുന്ന അമിതമായ ഭോജനപ്രിയം മദ്യപാനം എന്നിവയെ ദൈവമക്കളായ കത്തോലിക്കർ പരിവർജ്ജിച്ചു ജീവിക്കുന്നതിനും, അതിനെ നിർമ്മൂലമാക്കുന്നതിനുള്ള ശ്രമങ്ങൾ ചെയ്യുന്നതിനും പരിശുദ്ധ പിതാവു ഈ മാസത്തിൽ പ്രത്യേകമായി ഉപദേശിച്ചിരിക്കുന്നു.

സെപ്റ്റംബർമാസം:— "ഇൻഡ്യയുടെ മാനസാന്തരം."

# ക: നാഥയുടെ കുഞ്ഞുമക്കൾക്ക്.

## I. വി. യോഹന്നാൻ ബെക്കുമാൻസ്.

### 8. നവസന്ന്യാസി.

പ്രിയ കുഞ്ഞുങ്ങളേ,

അക്കാലത്തു ബെൽജിയത്തിൽ ഈശോസഭക്കാർക്കു രണ്ടു നവസന്ന്യാസഭവനങ്ങൾ ഉണ്ടായിരുന്നു. ഒന്നു ട്രൂണ്ണായി എന്ന സ്ഥലത്തും ഒന്നു മലീൻസിലും ആയിരുന്നു. ബെൽജിയം ഇന്നത്തെപ്പോലെ അന്നും ഒരു നല്ല കത്തോലിക്കരാജ്യമായിരുന്നതിനാൽ ധാരാളം കത്തോലിക്കയുവാക്കന്മാർ ഈ നവസന്ന്യാസഭവനങ്ങളിൽ പ്രവേശിച്ച് തങ്ങളെത്തന്നെ ദൈവശുശ്രൂഷക്കായി പ്രതിഷ്ഠിച്ചിരുന്നു. ഇങ്ങനെ യോഹന്നാൻ മലീൻസിലെ നവസന്ന്യാസഭവനത്തിൽ പ്രവേശിക്കയിൽ അവിടെ 60 നവസന്ന്യാസികളുണ്ടായിരുന്നു. അധികം താമസിയാതെ തന്നെ ആ സംഖ്യ നൂറോളമായിത്തീർന്നു.


നവസന്ന്യാസകാലം സന്ന്യാസ പരിശീലനത്തിൻെറ ആരംഭകാലമാണ്. ലോകത്തിൽനിന്നും ലോകത്തിന്നടുത്ത കാര്യങ്ങളിൽ നിന്നും അകന്നു ദൈവത്തിന്നായിട്ടു മാത്രം ജീവിക്കുന്നതിനുള്ള മഹാ ശാസ്ത്രമാണു ആ കാലത്തു പഠിപ്പിക്കുന്നതു്. കർത്താവിനോടുകൂടെ ഒന്നിച്ചിരിക്കുക എന്നുള്ള ഏക ജോലിയാണു നവസന്ന്യാസിയുടെ പ്രധാന ജോലി. ദുർഗ്ഗുണങ്ങളെ ജയിക്കുന്നതിനും, സുകൃതങ്ങളെ സമ്പാദിക്കുന്നതിനും, സ്വന്ത മനസ്സിനെ പരിത്യജിക്കുന്നതിനും, ആജ്ഞാനുസരണത്തിൻകീഴ ജീവിക്കുന്നതിനും, നല്ലവണ്ണം ജപധ്യാനങ്ങൾ നടത്തുന്നതിനും മററുമുള്ള അഭ്യാസങ്ങൾക്കായിട്ടു നവസന്ന്യാസകാലം ചെലവിടുന്നു. എല്ലാ സന്ന്യാസസഭകളിലും ഇപ്രകാരം ഒന്നോ രണ്ടോ, ചിലപ്പോൾ മൂന്നോ ആണ്ടുകൾ നവസന്ന്യാസത്തിനായി നിശ്ചയിച്ചിട്ടുണ്ടു്. സഭയുടെ പ്രമാണങ്ങളും ചട്ടങ്ങളുമെല്ലാം അതിനിടകൊണ്ടു മനസ്സിലാക്കുകയും അതാതു സഭയുടെ അരൂപി സമ്പാദിക്കയും ചെയ്യുന്നു. എന്നാൽ ഇതു ഒരു പരീക്ഷയുടെ കാലമായിട്ടു മാത്രമെ കരുതപ്പെട്ടിട്ടുള്ളു. ആ കാലത്തിനിടകൊണ്ടു ഈ ജീവിതക്രമം അനുസരിപ്പാൻ തനിക്കു സാധിക്കുമോ എന്നു നവസന്ന്യാസിയും, സഭക്കു തക്ക സന്താനമായി ഈയാൾ തീരുമോ എന്നു സഭാ ശ്രേഷ്ഠന്മാരും പരീക്ഷിച്ചു നോക്കുന്നു. ഇരുഭാഗക്കാർക്കും എന്തെങ്കിലും കാരണവശാൽ സമ്മതമില്ലാതെ വന്നാൽ, നവസന്ന്യാസിയെ തള്ളിക്കളയുന്നതിനു സഭക്കും, സഭ വിട്ടുപോകുന്നതിനു നവസന്ന്യാസിക്കും സ്വാതന്ത്ര്യമുള്ളതാണ്. നവസന്ന്യാസികളെ മേല്പറഞ്ഞ വിധത്തിൽ അഭ്യസിപ്പിക്കുന്ന ദേഹത്തിനു നവസന്ന്യാസ ഗുരുവെന്നാണു പറയുന്നതു്. നമ്മുടെ യോഹന്നാൻ മലീൻസിലെത്തുമ്പോൾ അവിടത്തെ നവസന്ന്യാസഗുരു ഫാദർ അൻറണി സുകേ എന്ന പുണ്യവാനായ ഒരു ദേഹമായിരുന്നു. യോഹന്നാനു അന്നു പതിനേഴു വയസ്സു പ്രായമാണ്. ഈ തരത്തിൽ പല പ്രായക്കാരും സ്ഥിതിക്കാരുമായി കർത്താവിൻെറ സ്വർഗ്ഗീയസൈന്യത്തിൽ ചേർന്ന അറുപതോളം യുവാക്കന്മാർ അവിടെയുണ്ടായിരുന്നവർ, ആ ഭൗമ്യപറുദീസായിൽ മാലാഖമാരെപ്പോലെ, അന്യോന്യമത്സരത്തോടെ ദൈവത്തെ സ്നേഹിച്ചു ശുശ്രൂഷ ചെയ്തുകൊണ്ടു ജീവിച്ചിരുന്ന ആ കാഴ്ച യോഹന്നാനെ അത്യന്തം ആനന്ദിപ്പിച്ചു. അവരോടൊന്നിച്ചു പുണ്യവഴിയിൽ ഓടിത്തുടങ്ങിയെന്നു തന്നെയല്ല അധികകാലതാമസംകൂടാതെ അവരെയെല്ലാം പിന്നിലാക്കി അവരുടെ ഒരു പ്രമാണിയായിത്തീർന്നു.

## II. ഈ മാസത്തെ മദ്ധ്യസ്ഥ.— വി. ഷന്താൾ പുണ്യവതി.

(തിരുനാൾ ആഗസ്റ്റ് 21-ാംനു- ബുധനാഴ്ച.)

പതിനേഴാംനൂററാണ്ടിൽ ഫ്റാൻസിൽ ജീവിച്ചിരുന്ന ഈ മഹാപുണ്യവതി കുടുംബജീവിതം കഴിക്കുവർക്കു ഒരുത്തമമാതൃകയാണ്. ഞെരുക്കങ്ങളും,

പീഡകളും മരണങ്ങളും ഒന്നിനു പുറകൊന്നായി വന്നുചേൎന്നെങ്കിലും പുണ്യവതി അവയെല്ലാം ധീരതയോടെ ജയിച്ചു. ഭൎത്താവിന്റെ മരണശേഷം വി. ഫ്രംസീസ്സ്ലോസു സലേസു പുണ്യവാന്റെ ഉപദേശാനുസരണം കീൎത്തിപെട്ട വിസിറേറഷ്യൻ കന്യാസ്ത്രീസഭ ഏൎപ്പെടുത്തി അതിൽച്ചേൎന്നു പുണ്യകീൎത്തിയോടെ മരിച്ചു. 'ധീരയായ സ്ത്രീ' എന്നാണു സലേസുപുണ്യവാൻ ഈപുണ്യവതിയെപ്പററിഎഴുതിയിരിക്കുന്നതു്. പാപംചെയ്തു ദിവ്യഈശോയെ ഉപദ്രവിക്കുന്നതിനേക്കാൾ മരിക്കുന്നതിനുള്ള മനോഗുണം ഈ ധീരവതിയോടു അപേക്ഷിക്കുക.



കൈനകരി ബാലികാബാലസംഘങ്ങൾ.

## III. കെ. സി. സി. ഏ. ഡയറി.

അഞ്ചാമത്തെ വൎഷത്തിലേക്കു നാം പ്രവേശിക്കുന്നു. എന്തുകാൎയ്യത്തിലാണു കുഞ്ഞുമക്കളുടെ ശ്രദ്ധ ഇക്കൊല്ലം പ്രധാനമായി പതിയേണ്ടതു്? ഈ കുഞ്ഞുശ്ലീഹന്മാർ ഒത്തുചേൎന്നു ഏതുവിഷയത്തിലാണു ശ്രമിക്കേണ്ടതു്? തിരുഹൃദയത്തിനുള്ള കുടുംബപ്രതിഷ്ഠതന്നെനമ്മുടെ ഇയ്യാണ്ടത്തെ പ്രധാന മത്സര വിഷയം.

* * *

മിക്ക കുടുംബങ്ങളുടെയും പ്രതിഷ്ഠ ഇതിനകം കഴിഞ്ഞിട്ടുണ്ടു്. എന്നാൽ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കാത്തതായി ചില കുടുംബങ്ങൾ ഓരോ ഇടവകകളിൽ ഇനിയും കിടപ്പുണ്ടു്. കുഞ്ഞുമക്കൾഅവയെ കണ്ടുപിടിക്കണം. എന്നിട്ടു ബ. വികാരിയച്ചന്മാരെ അറിയിക്കണം. അതിലേക്കു അതാതു സ്ഥലത്തെ കുഞ്ഞുമക്കൾചേൎന്നു ഓരോ ഞായറാഴ്ച ബ. അച്ചന്മാരെ ക്ഷണിച്ചുകൊണ്ടുചെന്നു ഒന്നും രണ്ടും വീടുകളുടെ പ്രതിഷ്ഠ ആഘോഷമായി നടത്തണം. ബാഡ്ജും ധരിച്ചു നിങ്ങൾ അതിൽ സംബന്ധിക്കണം. തീരെ നിവൃത്തിയില്ലാത്തവൎക്കു തിരുഹൃദയപ്പടങ്ങളുംമററും നിങ്ങളുടെ ചെലവിൽതന്നെ കൊടുപ്പാൻ നോക്കണം. ഇങ്ങനെ അടുത്ത ആണ്ടുവട്ടത്തിനകത്തു തിരുഹൃദയത്തിന്റെ സിംഹാസനം സ്ഥാപിക്കാത്ത ഒരു സാധുകുടുംബംപോലും നിങ്ങളുടെ ഇടവകയിലുണ്ടാകരുതു്. പ്രതിഷ്ഠിക്കുന്ന കുടുംബങ്ങളുടെ പേരുകൾ ഇവിടെ അയച്ചുതന്നാൽ അവ പാറലെമോനിയലിലെ തിരുഹൃദയ കപ്പേളയിലേക്കു അയച്ചുകൊടുക്കുന്നതാണു്. കൂടുതൽ പ്രതിഷ്ഠ കഴി

ച്ചിട്ടുള്ള രണ്ടു സംഘക്കാൎക്ക ഓരോ സമ്മാനവും നൽകപ്പെട്ടുന്നതാകുന്നു. ശ്രമിക്കുക. കുഞ്ഞുശ്ലീഹന്മാർവഴി തിരുഹൃദയത്തിന്റെ രാജ്യം വൎദ്ധിക്കട്ടെ.

* * *

കുഞ്ഞുമക്കൾ വലിയതായിത്തീരുമ്പോൾഎല്ലാം ഇട്ടെറിഞ്ഞുപൊയ്ക്കളയരുതു. കിട്ടിയ അഭ്യാസം തുടൎന്നുകൊണ്ടുപോകണം. എങ്കിലെ നിങ്ങൾക്കും സമുദായത്തിന്നും അതുകൊണ്ടു ഗുണമുണ്ടാകൂ. അതിന്നായിട്ടാണു കെ. സി.വൈ.എ.'രൂപവൽക്കരിച്ചിരിക്കുന്നതു. അതിലേക്കു വളൎന്ന കുഞ്ഞുമക്കളുടെയെല്ലാവരുടെയും ശ്രദ്ധയെ വീണ്ടും ക്ഷണിച്ചുകൊള്ളുന്നു.

* * *

ഒൻപതു മാസാദ്യവെള്ളിയാഴ്ച അനുഷ്ഠിച്ചു ദിവ്യകാരുണ്യം ഉൾക്കൊണ്ടിട്ടുള്ളവരുടെ മത്സരത്തിൽ ആകെ കഷ്ടിച്ചു നൂററമ്പതുപേരേ കിട്ടിയിട്ടുള്ളൂ. തികച്ചിട്ടില്ലാത്തവർ ഇപ്പോഴെങ്കിലും തികയ്ക്കാൻ നോക്കണം. ബാലസംഘാംഗങ്ങളുടെ കൂട്ടത്തിൽ നിന്നു പെരുമാനൂർ 61-ാം നമ്പർ സംഘത്തിലെ കുരിശുങ്കൽ മത്തായി മത്തായിക്കും, കുടത്തുരുത്തി 612-ാം സംഘത്തിലെ കോഴാത്തടം യോബ്യ തൊമ്മൻ അവർകൾക്കും ബാലികാ സംഘങ്ങളിൽ നിന്നു കുറവിലങ്ങാട്ടു കാരാവേലിൽ മറിയത്തിനും, കടുത്തുരുത്തി ബാലികാ സംഘം സെക്രട്ടറി മേറിക്കുട്ടിയ്ക്കും സമ്മാനങ്ങൾ ലഭിച്ചിരിക്കുന്നു.

* * *

ആഗസ്റ്റ്മാസത്തേയ്ക്കുള്ള മത്സരം, ഒരാണ്ടായിട്ടെങ്കിലും മിക്കവാറും ദിവസേന മാതാവിനെക്കുറിച്ചുള്ള മൂന്നുനന്മനിറഞ്ഞമറിയം ചൊല്ലിവരുന്നവരുടെ പേരുകളയക്കാനാണു. അതു ജീവിതകാലം മുഴുവൻ മുടക്കാതെ നടത്താൻ താല്പൎയ്യപ്പെടണം. നിത്യരക്ഷയ്ക്കുള്ള ഒരു എളുപ്പവഴിയാണ്. ജൂലൈമാസത്തേ മത്സരം കഴിഞ്ഞ കുസുമത്തിൽ നോക്കുക.

അമ്മയുടെ തിരുനാൾമംഗളം എല്ലാവൎക്കും ആശംസിക്കുന്നു.

എന്നു നിങ്ങളുടെ സ്വന്തം

കൊച്ചച്ചൻ.

## നമ്മുടെ തീൎത്ഥയാത്രാസംഘം.

ജൂൺ ൧൯-ാംനു- ഓർസോവാ എന്ന കപ്പലിൽ കൊളമ്പിൽനിന്നു റോമയിലേക്കു കപ്പൽ കയറിയിരുന്ന ബ. പുറക്കരിയിൽ ദേവസ്യാച്ചൻ അവർകൾ ഉൾപ്പെട്ട തീൎത്ഥയാത്രാസംഘം ജൂൺ ൨൬-ാംനു- ബുധനാഴ്ച സസുഖം റോമയിലെത്തുകയും പിറേറദിവസം പരിശുദ്ധ പിതാവ് തിരുമേനിയെ സന്ദൎശിക്കയും ചെയ്തിരിക്കുന്നു. ഒരാഴ്ചയോളം അവിടെത്താമസിച്ച് തിരുസ്ഥലങ്ങൾ വണങ്ങിയശേഷം ജൂലൈ ൨-ാം തീയതി ചൊവ്വാഴ്ച അവർ പാരീസിൽ ചെന്നുചേൎന്നു. ജൂലൈ ൮-ാംനു- ലണ്ടനിൽ എത്തി. അവിടെനിന്നു ൧൩-ാം തീയതി ലൂർദിലേക്കു പുറപ്പെട്ടു. മടക്കത്തിൽ പലസ്തീനാ ആദിയായ വിശുദ്ധ സ്ഥലങ്ങളും സന്ദൎശിക്കുന്നതാണെന്നും മററുമുള്ള വിവരത്തിനു്, തീൎത്ഥയാത്രാസംഘത്തിലുള്ള മിസ്സിസ് ജോസഫ് വള്ളിക്കാപ്പൻ അവർകൾ വിമാനമെയിൽവഴി നസ്രാണിദീപികയ്ക്കയച്ചിരുന്ന ഒരു കത്തു രണ്ടാഴ്ചയ്ക്കകം മാന്നാനത്തു എത്തിയതായിക്കാണുന്നു. ആ മഹതിയുടെ ഒരു പടവും ആ കത്തോടൊന്നിച്ചയച്ചിട്ടുണ്ടായിരുന്നു.

## ഉന്നതപരീക്ഷാവിജയികൾ.

മദ്രാസിൽ നിന്നു ഗവമ്മെൻറുശമ്പളത്തോടുകൂടെ ഉന്നത വൈദ്യപഠനങ്ങൾക്കായി ഇംഗ്ലണ്ടിനുപോയിരുന്ന ഡോക്ടർ ആർ. എം. മാത്യു രാമപുരം അവർകൾക്കു കേംബ്രിജിൽവച്ചു ഡി. ററി. എം.എച്ച്.എന്നഉന്നതബിരുദം കഴിഞ്ഞ മാസത്തിൽ ലഭിച്ചിരിക്കുന്നു. നാലുഭാരതീയർ പരീക്ഷയ്ക്കു ചേർന്നിരുന്നവരിൽ ഡോക്ടർ മാത്യു മാത്രമാണു വിജയംപ്രാപിച്ചതെന്നു മാത്രമല്ല ഒന്നാമനായിട്ടുമാണു ജയിച്ചിട്ടുള്ളതു. ഡി. പി. എച്ച്. പരീക്ഷയുടെ ഒന്നാംഭാഗവും മാത്യുജയിച്ചിട്ടുണ്ട്. രണ്ടാംഭാഗം പരീക്ഷ ഒക്ടോബറിലായിരിക്കും.

ഏകദേശം ഒന്നരക്കൊല്ലം മുൻപു ഉന്നത വൈദിക പഠനങ്ങൾക്കായി റോമിനുപോയിരുന്ന റവ. ഫാദർ പ്ലാസിഡ് ടി. ഒ. സി. ഡി. അവർകൾ പിഎച്ച്. ഡി; ഡി. ഡി; ഡി. സി. എൽ. എന്ന ബിരുദങ്ങൾ ഏററം പ്രശംസാർഹമായ വിധത്തിൽ സമ്പാദിച്ചിരിക്കുന്നതായി അറിയുന്നു. മലങ്കരസഭാ ചരിത്രസംബന്ധമായ വത്തിക്കാൻ റിക്കാർഡുകൾനോക്കി മനസ്സിലാക്കുന്നതിലേക്കുംമററുമായി ഒന്നുരണ്ടുമാസംകൂടെ ഫാദർ പ്ലാസിഡവർകൾ റോമയിൽ താമസിക്കുന്നതും, അനന്തരം പലസ്തീനായിലെ വിശുദ്ധ സ്ഥലങ്ങൾകൂടെ സന്ദശിച്ചശേഷം മലയാളത്തിലേക്കു മടങ്ങുന്നതുമാണ്. ഈ ഉന്നത ബിരുദധാരികളെ ഞങ്ങൾ സഹഷം അനുമോദിച്ചുകൊള്ളുന്നു.

## മനോഗുണവിവരങ്ങൾ.

ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിന് ഒരു രൂപാ മുമ്പേറടച്ചു അപേക്ഷിക്കണം.

പാലയൂർനിന്നു മൂന്നുനാഴിക കിഴക്കും പാവർട്ടിയിൽനിന്നു രണ്ടുനാഴിക വടക്കുമായി പൊന്നൊര ഔസേപ്പു ചാക്കു എന്നാളോട് സമുദായത്തിലേക്ക് സിദ്ധിച്ച സ്ഥലത്ത് സ്ഥാപിച്ച് ൧൯൨൯ ഫെബ്രുവരി ൫-ാംനു- ത്രിശ്ശൂർ മെത്രാനച്ചൻതിരുമനസ്സുകൊണ്ടു ഉൽഘാടനകർമ്മം നടത്തിയ ടി. പള്ളിയിൽ ചില വഴിപാടുകൾക്കും പ്രാത്ഥനകൾക്കും വളരെ അത്ഭുതകരമാകുംവണ്ണം ഫലങ്ങൾ കണ്ടുവരുന്നു.

തിരുഹൃദയത്തിൻെറയും വി. കൊച്ചുത്രേസ്യാപുണ്യവതിയുടെയും, മാത്തോമ്മാമെത്രാനച്ചൻെറയും സഹായത്താൽ എൻെറ ഭാൎയ്യയുടെ ആപൽക്കരമായ രോഗം സുഖപ്പെട്ടതിനു ഉപകാരസ്മരണ. പി. ജെ. ജെ. പന്തത്തല.

അസാദ്ധ്യമെന്നു വിചാരിച്ചിരുന്ന രണ്ടു കാൎയ്യങ്ങൾ തിരുഹൃദയത്തിൻെറയും വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ സാധിച്ചതിന്. ഇ. കെ. വി. തിരുവനന്തപുരം.

പ. ദേവമാതാവിൻെറയും വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ ഇൻററമീഡിയററു പരീക്ഷയിൽ പാസ്സാകുമെന്നു ശരണമില്ലായിരുന്ന ഇംഗ്ലീഷിൽ പാസ്സായതിനു ഉപകാരസ്മരണ. ജെ. മേരി മുട്ടം.

തിരുഹൃദയത്തിൻെറ അനുഗ്രഹത്താലും വി. കൊച്ചുത്രേസ്യായുടെയും, വി. അന്തോനീസിൻെറയും മാദ്ധ്യസ്ഥത്താലും ബി. ഏ. പരീക്ഷയിൽ ജയം പ്രാപിച്ചതിന്. ജെ. എം. ത്രിശ്ശിനാപ്പള്ളി.

വി. ചെറുപുഷ്പത്തിൻെറയും കൎമ്മ്ലേരിൽ മാർ തോമ്മാമെത്രാനച്ചൻെറയും സഹായത്താൽ എൻെറ അപ്പൻെറ ദീനം ഭേദപ്പെട്ടതിന്. ടി. ചാക്കുണ്ണി.

മാതാവിൻെറയും വി. യൌ. പിതാവിൻെറയും സഹായത്താൽ ഒരു കാൎയ്യം സാധിച്ചു കിട്ടിയതിന് ഉപകാരസ്മരണ. നെല്ലിക്കുന്നേൽ വറുഗീസ് വാഴക്കുളം.

പള്ളുരുത്തി അത്ഭുതമാതാവിൻെറയും വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ ഭയങ്കരമായ ഒരു കേസിൽ മോചനം കിട്ടിയതിന്. ഏ. ആൻറനി ഹീജി.

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ രണ്ടു കുട്ടികൾ പരീക്ഷയിൽ ജയിച്ചതിനും തിരുഹൃദയത്തിൻെറയും വി. കൊച്ചുത്രേസ്യായുടെയുംമദ്ധ്യസ്ഥതയാൽ വേറൊരാളിനുവിജയം ലഭിച്ചതിനും ഉപകാരസ്മരണയായി മൂന്നുരൂപാ അയക്കുന്നു. കണ്ണാടിയുറുമ്പു ക്ലാരമഠം പാലാ.

ചെങ്ങളത്തിൽ മാർ അന്തോനീസിന്റെ സഹായത്താൽ ട്രെയിനിങ്ങ പരീക്ഷയിലും ഡ്രോയിങ്ങ് പരീക്ഷയിലും പാസ്സായതിന്

വി. പാവർട്ടി.

ചെങ്ങളത്തു മാർ അന്തോനീസിന്റെ സഹായത്താൽ ഉദ്ദേശിച്ച അസാദ്ധ്യകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

ഈ. സി. അന്ന മുല്ലശ്ശേരി.

വി. കൊച്ചുത്രേസ്യാ പുണ്യവതിയുടെയും മാർത്തോമ്മാ മെത്രാനച്ചന്റെയും സഹായത്താൽ എന്റെ മകളുടെ ആപൽക്കരമായ ദീനം സുഖപ്പെട്ടതിന്,

ഔസേപ്പു വെട്ടത്തു എലിക്കുളം.

എന്റെ ജ്യേഷ്ഠത്തിയുടെ രോഗശമനത്തിനു വി. കൊച്ചുത്രേസ്യായ്ക്കു ഉപകാരസ്മരണ

പി. മത്തായി മുത്തോലപുരം.

എന്റെ ചില പ്രത്യേക നിയോഗങ്ങൾ സാധിക്കുന്നതിനു വി. കൊച്ചുത്രേസ്യായുടെയും വി. അന്തോനീസു പുണ്യവാന്റെയും മദ്ധ്യസ്ഥതയാൽ കർമ്മലനാഥയുടെ കുഞ്ഞുമക്കൾ പ്രാർത്ഥിപ്പാനപേക്ഷ.

പി. വി. പെറെയിരാ സിലോൺ.

## ചരമവാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

പൊൻകുന്നം പള്ളിയിടവക അയ്യനോലിൽവീട്ടിൽ ശ്രീമതി ചേച്ചമ്മ ജൂൺ ൧൮-ാംനു- ൭൯ വയസ്സ്.

മററം പള്ളിയിടവക ക. നി. മൂ. സ. തിരുഹൃ. മലാക്കി ശമ്മാശ്ശന്റെ വലിയപ്പൻ കണ്ണനായൽ പൌലോസ് അവർകൾ ജൂലൈ ൭-ാംനു-.

കൊതവറ ൨൧൬-ാം നമ്പർ കെ. സി. സി. ഏ. ബാലികാസംഘത്തിന്റെ സെക്രട്ടറി കെ. ജെ. അന്നക്കുട്ടി ജൂലൈ ൨൪-ാംനു- ൧൪ വയസ്സ്.

പരേതനായ ക. നി. മൂ. സ. ബ. ലെയോനാർദച്ചൻ അവർകൾ.

ബ. മൂലയിലച്ചൻ എന്ന പേരിൽ പലക്കും സുപരിചിതനായ ഈ വന്ദ്യദേഹം ജൂലൈ ൮-ാംനു- തിങ്കളാഴ്ച ഉച്ചകഴിഞ്ഞു മൂന്നു മണിക്കു് മുത്തോലി അശ്രമത്തിൽവച്ചു് ൭൦-ാമത്തെ വയസ്സിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. കർമ്മലനാഥയുടെ തിരുനാളിനുമുമ്പുള്ള പത്തു ദിവസത്തെ മുഴവൻധ്യാനം അശ്രമത്തിൽ പതിവുപോലെ ആരംഭിച്ചതിൽ അദ്ദേഹവും സംബന്ധിക്കയും, അതിനിടയ്ക്കു ഒരു പനി പിടിപെട്ടു കലശലായി, അന്ത്യകൂദാശകളെല്ലാം സുബോധത്തോടേ കൈക്കൊണ്ടു മൂന്നാംദിവസം മരണംപ്രാപിക്കയുമാണുണ്ടായതു്. പാലാ, ഭരണങ്ങാനം, ചേർപ്പുങ്കൽ മുതലായ ഇടവകകളിൽനിന്നുള്ള പലവൈദികരുടെയും ഒട്ടേറെ ജനങ്ങളുടെയും സാന്നിദ്ധ്യത്തിൽ ശവസംസ്കാരം പിറേറദിവസം ആഘോഷമായി നടത്തപ്പെട്ടു. പാലാ ഇടവകയിൽപ്പെട്ട പ്രസിദ്ധമായ മൂലയിൽ കുടുംബത്തിൽ ൧൮൫൯ ചിങ്ങം ൧൬-ാംനു-യാണു ഇദ്ദേഹം ജനിച്ചതു്. ൧൪ വയസ്സിൽ കർമ്മലീത്താ സഭയിൽ പ്രവേശിക്കുകയും, ൨൭-ാമത്തെ വയസ്സിൽ ഗുരുപ്പട്ടമേററശേഷം ദൈവസ്തുതിയ്ക്കും ആത്മരക്ഷയ്ക്കും സഭയുടെ ഉന്നമനത്തിനുമായുള്ള ശ്രമങ്ങളിൽ നിരന്തരമായി ഏർപ്പെട്ടുകൊണ്ടിരിക്കയുംചെയ്തു. ചെത്തിപ്പുഴ, തേവര. ക്രനമ്മാവു എന്ന അശ്രമങ്ങളിൽ ശ്രേഷ്ഠനായി ഭരണം നടത്തിയിട്ടുള്ള കാലങ്ങളിൽ അദ്ദേഹം ചെയ്തിട്ടുള്ള ബുദ്ധിമുട്ടുകളുടെ ശാശ്വതഫലങ്ങൾ ഇന്നും അതാതു സ്ഥലങ്ങളിൽ പ്രശോഭിക്കുന്നുണ്ടു്. ബൃഹമാണ്ഡമായ മുത്തോലി അശ്രമദേവാലയം ഈ വന്ദ്യദേഹത്തിന്റെ സ്ഥിരോത്സാഹത്തിന്റെ വേറൊരു സ്മാരകമാകുന്നു. പൂഞ്ഞാററിൽ നവമായി ആരംഭിച്ചിട്ടുള്ള സ്ഥാപനത്തിനു വേണ്ടിയാണു തന്റെ അവസാനകാലങ്ങൾ ചെലവഴിച്ചിരുന്നതു്. റോമയിൽനിന്നു ഇദ്ദേഹത്തിനു മിഷ്യനറി അപ്പസ്തോലിക്കാ എന്ന സ്ഥാനം കല്പിച്ചു നൽകിയിട്ടുള്ളതും പ്രസ്താവ്യമാണു്. നിസ്വാർത്ഥനായ ഈ വന്ദ്യദേഹത്തിനുവേണ്ടി വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.